ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എട്ട് ബില്ലുകളാണ് ഇന്ന് ചർച്ചയ്ക്ക് എടുക്കുന്നത്. ബി.എ.സി. യോഗത്തിൽ ഈ പ്രശ്നം ഞങ്ങൾ ഉന്നയിച്ചതാണ്. ഇത്രയും ബില്ലുകൾ ഒരുമിച്ച് വന്നപ്പോൾ ഏതാണ് വകുപ്പുകളെന്ന് മനസ്സിലാകാത്ത വിധത്തിൽ, ഹോം വർക്ക് ചെയ്യാൻപോലും സമയം കിട്ടാത്ത അവസ്ഥയാണ് വന്നിരിക്കുന്നത്. ഇന്നലെ ഞാൻ എം.എൽ.എ. ക്വാർട്ടേഴ്സിൽ മാത്രം പതിനൊന്നര മണി വരെയുണ്ടായിരുന്നു. കവർ കിട്ടാത്തതുകൊണ്ട് 11.30-ന് കൗണ്ടറിൽ വിളിച്ചു ചോദിച്ചപ്പോഴാണ് കവർ വന്നിട്ടുണ്ടെന്ന് അറിഞ്ഞത്. അങ്ങേയറ്റം നിരുത്തരവാദപരമായ സമീപനമാണ് ഇത്. ഇതുവരെയില്ലാത്ത ഒരു സ്ഥിതിവിശേഷമാണ്. അങ്ങ് പ്രത്യേകം താല്പര്യമെടുത്ത് പരിശോധിക്കണം.

മി. സ്പീക്കർ: അംഗങ്ങൾ പറഞ്ഞ അഭിപ്രായങ്ങളെല്ലാം ശരിയാണ്. നിങ്ങളുടെ വികാരം ഞാൻ കണക്കിലെടുക്കുന്നു. മേലാൽ കാലതാമസം വരാതിരിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ചെയറിന്റെ ഭാഗത്തുനിന്ന് റിസ്ക്കെടുത്തിട്ടാണെങ്കിലും നാളെ 10 മണിവരെ സമയം അനുവദിച്ചിരിക്കുകയാണ്. കഴിവതും രാവിലെ എട്ട് മണിക്കുമുമ്പുതന്നെ കൊടുക്കണം.

II. അടിയന്തിര പ്രമേയം

നെല്ല് സംഭരണം

മി. സ്പീക്കർ: അടിയന്തിര പ്രമേയത്തിന് ഉന്നയിച്ചിരിക്കുന്ന പ്രശ്നം പല പ്രാവശ്യം ഇവിടെ ചർച്ച ചെയ്തതാണ്. എങ്കിലും ഇതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് അനുവദിക്കുന്നത്. കുട്ടനാട്ടിലേയും തൃശ്ശൂരിലേയും കർഷകരെ ബാധിക്കുന്ന വളരെ ഗൗരവതരമായ ഒരു പ്രശ്നമായതുകൊണ്ടും തുടർച്ചയായി കൃഷി നാശവും നെല്ലിന്റെ വിലയിടിവും വിപണന രംഗത്തെ സ്തംഭനവുംമൂലം കേരളത്തിലെ പ്രമുഖ നെല്ലുല്പാദക മേഖലകളിലെ നെൽക്കൃഷിക്കാർ വൻദുരിതത്തിൽ ആയിരിക്കുന്നതിനാലും കേന്ദ്ര സഹായം ഉപയോഗിച്ച് നെല്ല് സംഭരണം ഫലപ്രദമായി നടത്തുന്നതിനും ദുരിതാശ്വാസം എത്തിക്കുന്നതിനും ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിനും സർക്കാർ പാടെ പരാജയപ്പെട്ടിരിക്കുന്നതിനാലും കൃഷിക്കാർ നേരിടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് സമാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ ടി. കെ. ദേവകുമാർ, കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, സി. കെ. നാണു, പി. സി. ജോർജ്, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്ന വർഷം തന്നെ നെല്ല് സംഭരണത്തിനുള്ള നടപടികൾ എടുത്തതാണ്. അന്ന് നെല്ലിന്റെ വില 423 രൂപയായിരുന്നു. ക്രമാനുഗതമായി നെല്ല് സംഭരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നെല്ലിന്റെ വില 830 രൂപവരെയായി ഇപ്പോൾ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. മിക്കവാറും കർഷകർ മുഴുവൻ നെല്ലും വിറ്റതിനുശേഷം പുറത്തുപോയി അരി വാങ്ങുകയാണ് ചെയ്യുന്നത്. നെല്ല് സംഭരണത്തിന് കൂടുതൽ തുക ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കുറെ കുടിശ്ശിക തുകയുണ്ടായിരുന്നതുകൊണ്ട് ഇപ്പോൾ നടക്കുന്ന നെല്ല് സംഭരണത്തിന് ഒരു സ്തംഭനമുണ്ടായി. ഏതാണ്ട് ആറു കോടി രൂപ വരെ കുടിശ്ശികയുണ്ടായിരുന്നു. ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാതിരുന്നതിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി ഗ്രാന്റ് വഴി ആറ് കോടി രൂപ കൊടുത്തുകഴിഞ്ഞു. അതുകൊണ്ട് നെല്ല് സംഭരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല. പാലക്കാട് ജില്ലയിൽ മാത്രമാണ് കഴിഞ്ഞ കൊല്ലം സംഭരിച്ചതിന്റെ വിറ്റുകഴിഞ്ഞതിന്റെ ബാക്കി നെല്ല് പലരുടെയും godown-കളിൽ ഇരിക്കുന്നത്. അവിടത്തെ എം.എൽ.എ.-മാർ ഒരു മെമ്മോറാണ്ടം തന്നതിന്റെ അടിസ്ഥാനത്തിൽ ചീഫ് മിനിസ്റ്ററും ഞാനുമായി ചർച്ച ചെയ്തു. ഈ കൊല്ലം പാലക്കാട്ട് നെല്ലിന്റെ സംഭരണ വില അങ്ങനെ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെ സംഭരിച്ചുവച്ചിരുന്ന നെല്ല് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തിന്റെ പകുതി തുക ഗവൺമെന്റ് കൊടുക്കാമെന്നുള്ള നിലയിൽ ഒരു തീരുമാനം എടുത്തിരിക്കുകയാണ്. ഇപ്രാവശ്യം നെല്ലിന്റെ വില കുറഞ്ഞിട്ടുണ്ട്. ആദ്യം ഉണ്ടായിരുന്ന വില ഞാൻ പറയാം. (ചുവപ്പ് അരിക്കാണ് പറയുന്നത്.) കോട്ടയം 763 രൂപ തൃശ്ശൂർ 760 രൂപ പാലക്കാട് 830 രൂപ പത്തനംതിട്ട 750 രൂപ ആലപ്പുഴ 750 രൂപ ഇപ്രാവശ്യം സഹകരണ സംഘങ്ങളും നെല്ല് വാങ്ങുകയുണ്ടായി. നെല്ലുടമകളും മില്ലുടമകളും ഒന്നിച്ച് യോജിച്ചുകൊണ്ട് വില കുറച്ച് കൊണ്ടുവരാൻ ശ്രമംനടത്തി. അതു കിട്ടുന്നതിനുവേണ്ടിയുള്ള നടപടിക്രമമെന്നുള്ള നിലയിൽ സംഭരണത്തിനും നെല്ല് വാങ്ങാനും അമാന്തിച്ച് നിൽക്കാതെ ഗവൺമെന്റ് ഇടപെട്ട് അവരുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലായിടത്തും നെല്ല് സംഭരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകുന്നുണ്ട്. കുടിശ്ശിക തുക മുഴുവൻ കൊടുത്തുതീർത്തിട്ടുണ്ട്. നെല്ല് എടുക്കാൻ എല്ലായിടത്തും സംഘടനകളും പാടശേഖരസമിതികളും തയ്യാറായിട്ടുണ്ട്. അതുകൊണ്ട് സ്തംഭനമില്ല. വലിയ വിലക്കുറവില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെല്ലിന് 423 രൂപയായിരുന്നു. ഇപ്പോൾ പാലക്കാട് 750 രൂപ കോട്ടയം 765 രൂപ ആലപ്പുഴ 780 രൂപ തൃശൂർ 720 രൂപ എന്നിങ്ങനെയാണ്. ടി രൂപക്കാണ് നെല്ല് സംഭരിക്കുന്നത്. അത് വളരെ കുറഞ്ഞ വില അല്ലാ 423 രൂപയെക്കാൾ കൂടുതലാണല്ലോ 750 രൂപ. ഇൻഷ്വറൻസ് തുകയുടെ കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഏതാണ്ട് ബഡ്ജറ്റ് പ്രൊവിഷൻ ഒരു കോടി രൂപയാണ്. രണ്ട് കോടി രൂപയിൽപ്പരം കുടിശ്ശികയായിട്ടുണ്ട്. അതിൽ ഒരുകോടി എഴുപത്തിനാല് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ അടച്ചുതീർക്കാനുണ്ട്. അത് അടച്ചുതീർക്കുന്നതാണ്. ഇത് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച ചെയ്തതാണ്. പല ദിവസങ്ങളിലും ചർച്ച ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ നിയമസഭയിലും പുറത്തും അനിയത്തക്ക സ്ഥിതിയാണുള്ളത്. ഒരു സ്തംഭനാവസ്ഥയുമില്ല. നെല്ല് എടുത്തു തുടങ്ങി. വളരെക്കൂടുതലായി വിലയും കുറഞ്ഞിട്ടില്ല. അതുകൊണ്ട് ഒരു അടിയന്തിരപ്രമേയമായി ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ഡോ. കെ. സി. ജോസഫ് : സർ, കേരളത്തിലെ ഭക്ഷ്യോൽപ്പാദന രംഗത്തെ പ്രതിസന്ധിയുടെ ഗൗരവം ഉൾക്കൊള്ളാതെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞത് തികച്ചും നിർഭാഗ്യകരമാണ്. മാഗികമായി ചില വിഷയങ്ങൾ ചില ദിവസങ്ങളിൽ ഇവിടെ ചർച്ചചെയ്യപ്പെട്ടുവെന്നു വരാം. നെൽകൃഷി മേഖലയുടെ

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽപ്പിനെ അത്യന്തം ഗുരുതരമായി ബാധിച്ചിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് പൂർണ്ണമായ ഒരു ചർച്ച ആവശ്യമായി വന്നിരിക്കുന്നു. അവശേഷിക്കുന്ന നെൽകൃഷി മേഖലയെന്നു പറയുന്നത് 3.2 ലക്ഷം ഹെക്ടർ മാത്രമാണ്. ആ കൃഷി സ്ഥലങ്ങളിലെങ്കിലും നെൽകൃഷി തുടരേണ്ടത് കേരളത്തിന്റെ ഭക്ഷ്യോൽപ്പാദനരംഗത്തെ സാമൂഹികാവശ്യമാണ്. നമുക്കാവശ്യമായ ഭക്ഷ്യോൽപ്പാദനത്തിന്റെ കാൽഭാഗംപോലും ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നില്ല. സമൂഹത്തിന്റെ ആവശ്യമെന്ന നിലയിൽ നെൽക്കൃഷി മേഖലയിൽ കൃഷിക്കാരൻ ഉറച്ചുനിൽക്കണമെങ്കിൽ അവർക്ക് സുരക്ഷിതത്വം ഉറപ്പാക്കണം. നാമമാത്രമായ ലാഭമെങ്കിലുമുണ്ടാകണം. തുടർച്ചയായിട്ടുള്ള കൃഷിനാശവും മറ്റ് നഷ്ടങ്ങളുമെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ഇന്ന് കൃഷിക്കാരൻ കൃഷിയിൽ നിന്ന് അകന്നുപോകുന്ന ഒരു സ്ഥിതിയുണ്ടാകുന്നു. കൂനിൻമേൽ കുരു എന്നുപറയുന്നതുപോലെയാണ് ഇപ്പോൾ വിലയിടിവ് ഉണ്ടായത്. കഴിഞ്ഞവർഷം കുട്ടനാട് മേഖലയിൽ ഉപ്പുവെള്ളം കയറി കൃഷി നശിച്ചു. പാലക്കാട് മേഖലയിൽ വെള്ളം കിട്ടാത്തതുകൊണ്ട് അവിടത്തെ കൃഷി നശിച്ചു. ഈ വർഷവും അവിടെയൊക്കെ കൃഷിനാശമുണ്ടായിട്ടുണ്ട്. ഇങ്ങനെ തുടർച്ചയായിട്ടുണ്ടാകുന്ന കർഷിക നഷ്ടം നേരിടാൻ കഴിയാതെ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. ആത്മഹത്യ ചെയ്യാൻ കഴിയാതെ പിടിച്ചുനിൽക്കുന്ന കൃഷിക്കാർ നെൽക്കൃഷിയിൽ നിന്ന് അകന്നുപോകുന്നു. ഇത് ഗൗരവമായി എടുക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമടക്കമുള്ള ആളുകൾ നെൽക്കൃഷി മേഖലയിലെ പ്രശ്നം കാണുവാൻ വന്നു. അവർ വന്നില്ലെന്നുള്ളതല്ല. അവർ വന്നു; പല വാഗ്ദാനങ്ങളും തന്നു. ആ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നുണ്ടോ? കഴിഞ്ഞ തവണ ചിറ്റൂർ കൃഷി നാശത്തിനനുവദിച്ച നഷ്ടപരിഹാരം ഇപ്പോഴും പൂർണ്ണമായും കൊടുത്തിട്ടില്ല. 25 ശതമാനത്തിനുമുകളിൽ കൃഷി നശിച്ച കൃഷിക്കാർക്കുള്ള നഷ്ടപരിഹാരത്തുക ഇപ്പോഴും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇൻഷ്വറൻസ് ആനുകൂല്യങ്ങളുടെ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ വർഷം കൃഷി നശിച്ച കൃഷിക്കാരന് ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ദേശീയ കാർഷിക ഇൻഷ്വറൻസിന്റെ ആനുകൂല്യമായ ആറ് കോടിയോളം രൂപ ലഭിക്കേണ്ടത് സംസ്ഥാന വിഹിതം അടയ്ക്കാത്തതുകൊണ്ട് മാത്രം കിട്ടുന്നില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുന്നതല്ല. കാർഷിക മേഖലയോടുള്ള ഗവൺമെന്റിന്റെ സമീപനം സംസാരിക്കുന്നതുപോലെയല്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിതന്നെ ഈ സഭയിൽ ഉറക്കെ പറഞ്ഞില്ലെങ്കിലും രഹസ്യമായി സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം, പത്താം പഞ്ചവത്സര പദ്ധതിയിൽ 309 കോടി രൂപ കാർഷിക മേഖലയ്ക്ക് നീക്കിവയ്ക്കുമെന്നാണ് പറഞ്ഞത്. ഇപ്പോൾ നാലാം വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നു. ഈ വർഷം നീക്കിവച്ച തുകയുൾപ്പെടെ 149 കോടി രൂപ മാത്രമാണ് കൃഷിക്കുവേണ്ടി നീക്കി വയ്ക്കുന്നത്. ഒരുവർഷം കഴിഞ്ഞ് ഇനി 159 കോടി രൂപയുടെ പദ്ധതിയിലെ അലോട്ട്മെന്റ് കൊടുക്കാനുണ്ട്. ഇതാണ് കാർഷിക മേഖലയോടുള്ള ഗവൺമെന്റിന്റെ സമീപനം. ഇൻഷ്വറൻസ് മേഖലയിലെ ആനുകൂല്യം കിട്ടേണ്ടത് ആറ് കോടി രൂപയാണ്. ഇത് കിട്ടണമെങ്കിൽ ഒന്നേമുക്കാൽ കോടി രൂപ മാർച്ച് മാസത്തിനുമുൻപ് ഇനിയും നൽകണം. ഇത് കഴിഞ്ഞ വർഷത്തെ കൃഷിനാശത്തിന്റെ ആനുകൂല്യമാണ്. എന്ത് നടപടിയാണ് എടുത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യം ഇവിടെ പല പ്രാവശ്യം അവതരിപ്പിക്കപ്പെട്ടതല്ലേ; അനുകൂലമായി പറഞ്ഞതല്ലേ. ഇപ്പോഴും പാക്കേജ് തുക കൊടുക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? ഈ വർഷത്തെ സ്ഥിതി എന്താണ്? അപ്പർ കുട്ടനാട് മേഖലയിൽ കഴിഞ്ഞ വർഷം ഉപ്പുവെള്ളം കയറി. ഇത്തവണ സുനാമി വന്നപ്പോൾ തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടറുകൾ പോയി. ഉപ്പുവെള്ളം കയറി. അപ്പർ കുട്ടനാട് മേഖലയിലെ പള്ളിപ്പാട്, ചെറുതന, വിയ്യപുരം തുടങ്ങിയ മേഖലകളിൽ ഏതാണ്ട് അയ്യായിരം ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി നശിച്ചുകഴിഞ്ഞു. മുഞ്ഞബാധയും ഇല ചുരുട്ടിപ്പുഴുവും കാരണം കായൽ മേഖലയിൽ 5,000 ഹെക്ടറിലേറെ കൃഷി നശിച്ചുകഴിഞ്ഞു. ഇതുമൂലം കൃഷിക്കാരനുണ്ടായിരിക്കുന്ന നഷ്ടം എത്രയാണ്? ഒരേക്കറിന് എണ്ണായിരം രൂപ. കൃഷിച്ചെലവാണെങ്കിൽ 20 കോടി രൂപ. കൃഷിക്കാരൻ മുടക്കിയത് നഷ്ടപ്പെട്ടു. അവന്റെ ഉൽപ്പാദന നഷ്ടം മുപ്പത്തിയേഴരക്കോടി രൂപയാണ്. ഇത്തരം ഭീമമായ നഷ്ടമുണ്ടായ കൃഷിക്കാരന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെവന്ന് പറഞ്ഞതിനുശേഷം ഇതുവരെയും നഷ്ടപരിഹാരത്തിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ? ഇല്ല. ഇതുവരെ നൽകിയിട്ടില്ല. എന്ത് നഷ്ടപരിഹാരമാണ് നൽകുന്നത്? കഴിഞ്ഞ വർഷവും ഈ വർഷവും കൃഷി നശിച്ചു. നാമമാത്രമായ ആനുകൂല്യം നൽകിയാൽ നഷ്ടപ്പെട്ട കൃഷി ചെയ്യാൻ കൃഷിക്കാർ തയ്യാറാകുമോ? കൃഷിക്കാരുടെ പ്രശ്നം പൂർണ്ണമായി ഉൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. പ്രഖ്യാപനങ്ങളിൽ ഒതുങ്ങി നിൽക്കുന്നുയെന്നുള്ളതാണ്. ഈ പറഞ്ഞതല്ലാതെ ഒന്നുമില്ലെന്ന് പറഞ്ഞതു പോലെയാണ് ഗവൺമെന്റിന്റെ സമീപനം. ഇതിനെല്ലാം പുറമെ നെല്ല് സംഭരണ രംഗത്തെ സ്ഥിതി എന്താണ്? ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത് ഓരോ സ്ഥലത്തും ഓരോ വില നിശ്ചയിക്കുന്നു എന്നാണ്. ആലപ്പുഴയിൽ 750 രൂപക്ക് നെല്ല് സംഭരിക്കാൻ തീരുമാനിച്ചു. തൃശ്ശൂരിൽ വെള്ള അരിക്ക് 700 രൂപയും ചുവന്ന അരിക്ക് 720 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. കോട്ടയത്ത് 740 രൂപ, പാലക്കാട് 750 രൂപ, ആലപ്പുഴ 750 രൂപ. പക്ഷെ സംഭരണ രംഗത്തേയ്ക്ക് വരാൻ സംഘങ്ങൾ മടിച്ചു നിൽക്കുന്നു; അമാന്തിച്ച് നിൽക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് അടുത്ത വർഷം മുതൽ സ്ഥായിയായ ഒരു പദ്ധതിയുണ്ടാക്കുമെന്നാണ്. അത് പ്രായോഗികമാണോയെന്നതിനെക്കുറിച്ച് എനിക്ക് ന്യായമായ സംശയമുണ്ട്. പക്ഷെ ഈ വർഷത്തേയ്ക്ക് എന്താണ്? അടുത്ത വർഷത്തേയ്ക്ക് പദ്ധതിയുണ്ടാക്കുമെന്ന് കരുതി ഈ വർഷം കൃഷിക്കാരൻ എന്ത് ചെയ്യും. ഉൽപ്പന്നം എങ്ങനെ വിറ്റഴിക്കും? മാർത്താണ്ഡം കായലിൽ കൃഷിക്കാർ ഉൽപ്പാദിപ്പിച്ച ഏതാണ്ട് 400 മില്യൺ ടൺ നെല്ല് അവിടത്തെ കളങ്ങളിൽ കെട്ടിക്കിടക്കുകയാണ്. ഇതാര് വാങ്ങും? വാങ്ങിയാൽ അവ സംഭരിച്ചുവയ്ക്കുന്ന സംഘങ്ങൾക്ക് അത് വിറ്റഴിക്കാൻ കഴിയുന്നില്ലെങ്കിൽ ആ സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം ആര് നികത്തും? നോർമലായിട്ടുള്ള ഡ്രയേജ് കൊണ്ടുണ്ടായ ആ നഷ്ടത്തിനുപോലും സൊസൈറ്റികളുടെ ഡയറക്ടർ ബോർഡ് മെമ്പർമാരുടെ പേരിൽ നടപടി സ്വീകരിക്കാൻ സഹകരണസംഘം നോട്ടീസ് അയച്ചിരിക്കുന്നു. വാങ്ങി സംഭരിച്ചുവച്ചിരിക്കുന്ന നെല്ല് മൂന്നോ നാലോ മാസമിരിക്കുമ്പോൾ മണ്ട് ശതമാനം ഡ്രയേജ് വരുമെന്നുള്ളത് കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ളതാണ്. പക്ഷെ ആ സത്യം അംഗീകരിക്കാതെ സംഘങ്ങളെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. വാർഡ് മെമ്പർമാരിൽ നിന്ന് പിരിച്ചെടുക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘങ്ങൾ നോട്ടീസ് അയയ്ക്കുന്നു. പ്രധാനപ്പെട്ട നെല്ല് ഉൽപ്പാദന മേഖലയായ ആലപ്പുഴയിൽ ഇതുവരെ എട്ട് പ്രാഥമിക സംഘങ്ങളാണ് നാമമാത്രമായിട്ടാണെങ്കിലും നെല്ല് സംഭരിക്കാൻ തയ്യാറായത്. സാധാരണ രണ്ട് ലക്ഷം ടൺ നെല്ലാണ് ആലപ്പുഴ ജില്ലയിലെ ഉൽപ്പാദനം. ഇത്തവണ ഒന്നരലക്ഷം ടൺ നെല്ലുണ്ടാകും. അത് ആര് സംഭരിക്കും? ഈ എട്ട് സംഘങ്ങളെ കൊണ്ട് സംഭരണം നടത്താൻ പറ്റുമോ? കൂടുതൽ സംഘങ്ങൾ വരുന്നില്ലെങ്കിൽ ഗവൺമെന്റ് ഏജൻസിതന്നെ ഈ വർഷം നെല്ല് സംഭരിക്കാൻ തയ്യാറാകണം. ഇല്ലെങ്കിൽ സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം അവർക്ക് ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയായ 750 രൂപയ്ക്ക് നെല്ല് വാങ്ങിയാൽ അതിനനുസരിച്ച് വിറ്റഴിക്കാൻ കഴിയുന്നില്ലെങ്കിൽ ആ വിലയ്ക്ക് സംഘങ്ങൾ വാങ്ങി സംഭരിക്കുമെന്ന് ഒരു ഉറപ്പ് നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ? അങ്ങനെ ഉറപ്പ് നൽകിയില്ലെങ്കിൽ സംഘങ്ങൾ നെല്ല് വാങ്ങാൻ തയ്യാറാകില്ല അപ്പോൾ ഈ പ്രതിസന്ധി തുടരുകയും കൃഷിക്കാരന് ആത്മഹത്യയല്ലാതെ മറ്റ് മാർഗ്ഗമില്ലാതാവുകയും ചെയ്യും. നെൽക്കൃഷി മേഖലയിലെ പണിക്കുറവും ഭക്ഷ്യോൽപ്പാദന രംഗത്തെ ഭീഷണിയുംമൂലം നെൽക്കൃഷിക്കാർ ഇതിൽനിന്നും പുറകോട്ട് പോകുന്ന ഒരു സ്ഥിതിയുണ്ടാകും. അതുകൊണ്ട് നെൽക്കൃഷി മേഖലയെ രക്ഷിക്കാൻ കഴിയത്തക്ക രീതിയിൽ അടിയന്തിരമായി ഇൻഷ്വറൻസിന്റെ തുക ഇപ്പോൾത്തന്നെ അടയ്ക്കണം. സംഭരണം ശക്തമാക്കിക്കൊണ്ട് സംഭരിക്കുന്ന ഏജൻസികൾക്ക് നഷ്ടമുണ്ടായാൽ അത് നികത്താനുള്ള ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് പ്രഖ്യാപിക്കണം. നഷ്ടപരിഹാരം നൽകണം. നെൽക്കൃഷിയെ സുസ്ഥിരമായൊരു കൃഷിരംഗമാക്കി മാറ്റുവാൻ, നെൽക്കൃഷി നിലനിർത്താൻ കഴിയത്തക്കവിധത്തിൽ സുസ്ഥിരമായ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കി അവശേഷിക്കുന്ന നെൽക്കൃഷി മേഖലയെങ്കിലും നിലനിർത്താൻ ഗവൺമെന്റ് തയ്യാറാകണം. ഇത്രയും പ്രാധാന്യമുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം ഈ നിലയിലുള്ള നിലപാട് സ്വീകരിച്ചത് നിർഭാഗ്യകരമായിപോയി. നമ്മുടെ സംസ്ഥാനത്തിന്റെ ഭക്ഷ്യോൽപ്പാദനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, നെൽകൃഷി ഏതാണ്ട് ഉപേക്ഷിക്കാൻ പോകുന്നു എന്ന നിലയിലാണ് ഇന്നും ഇന്നലേയും നിയമസഭയിൽ നടന്ന ചർച്ചകളൊക്കെ വിരൽ ചൂണ്ടുന്നത്. ഇപ്പോൾ കഠിനമായ വേനലാണ്. മന്ത്രി സഭയാണോ അല്ലെങ്കിൽ ഗവൺമെന്റാണോ വേനൽ ഉണ്ടാക്കുന്നതും മഴയുണ്ടാക്കുന്നതുമൊക്കെ? കൃഷിനാശം വന്നതും അല്ലാത്തതുമായ സമയത്ത് കൃഷിക്കാർക്ക് ഇത്രയധികം ആനുകൂല്യം കിട്ടിയ കാലഘട്ടം ഉണ്ടായിട്ടില്ല. നെല്ല് സംഭരണത്തിന് പല സ്ഥലത്തും പല വിലയാണെന്ന് പറഞ്ഞു. ഞാൻ വന്ന സമയത്ത് ഗവൺമെന്റായിരുന്നു വില നിശ്ചയിച്ചിരുന്നത്. ഇപ്പോൾ അത് മാറ്റി. കൃഷിക്കാരെ സഹായിക്കാൻവേണ്ടി നെല്ലിന്റെ വില നിലനിർത്താൻവേണ്ടി നെല്ല് സംഭരണത്തിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കമ്മിറ്റിയെ വില നിശ്ചയിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്ന് ആദ്യത്തെ കൊല്ലം ഒഴിച്ച് ബാക്കിയുള്ള കൊല്ലത്തിലൊക്കെ അതാണ് നടന്നത്. പാടശേഖര കമ്മിറ്റികളും സൊസൈറ്റികളുമാണ് നെല്ല് സംഭരിക്കുന്നതിന് തയ്യാറായത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ആറ് കോടി രൂപയുടെ കുടിശ്ശിക ഉണ്ടായി. കുടിശ്ശിക കാണും. എൽ.ഡി.എഫ്. ഭരിച്ച കാലത്തെ കുടിശ്ശികകളൊന്നും കൊടുത്തുതീർന്നിട്ടില്ല. പാലക്കാട് കുറച്ച് നെല്ല് കെട്ടിക്കിടക്കുന്നു. കഴിഞ്ഞ കൊല്ലം 830 രൂപക്കാണ് അവിടെ നെല്ല് സംഭരിച്ചത്. ഇന്നിപ്പോൾ നെല്ലിന് അത്ര വിലയില്ല. പാലക്കാട് ഭക്ഷ്യ സാധനങ്ങൾക്ക് സ്റ്റേറ്റ് സോൺ അല്ല. തമിഴ്നാട്ടിൽനിന്നും നെല്ല് കൊണ്ടുവരും. ഇവിടെ ഇപ്പോഴും പാട്ടക്കൃഷിക്കാർ ഉണ്ട്. കാർഷിക പരിഷ്കരണനിയമം നടപ്പിലാക്കി. നാൽപ്പത് കൊല്ലം കഴിഞ്ഞിട്ടും റെന്റ് കൊടുക്കുന്ന ആളുകളുണ്ട്. നെല്ലിന്റെ വില തമിഴ്നാട്ടിൽ കുറഞ്ഞു. അവിടെ ഇപ്രാവശ്യം നല്ല വിളവാണ്. കൂടുതൽ ഉൽപ്പാദനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ വിലയിടിഞ്ഞു. പാലക്കാടും മറ്റ് സ്ഥലങ്ങളിലും തമിഴ്നാട്ടിൽനിന്നും നെല്ല് വന്നുതുടങ്ങി. നെല്ലിന്റെ വില കുറയ്ക്കുന്നതിനുവേണ്ടി മില്ലുടമകൾ സംഭരിച്ച നെല്ല് എടുക്കുവാൻ മടികാണിച്ചു. അതാണ് ഉണ്ടായത്. ഗവൺമെന്റ് അപ്പോൾ തന്നെ ഇടപെട്ടു. തൃശൂരിലാണ് ആദ്യം സ്തംഭനം ഉണ്ടായത്. ഞാൻ തൃശൂരിൽ പോയി മടിച്ചുനിന്ന മില്ലുടമകളേയും സൊസൈറ്റികളെയും പ്രേരിപ്പിച്ച് നെല്ലുസംഭരണം നടത്തിപ്പിച്ചു. അവിടേയും നെല്ല് സംഭരണം തുടങ്ങി. അതുപോലെ പാലക്കാട് കുറച്ച് പഴയ നെല്ല് ഗോഡൗണിൽ കിടക്കുന്നു. ഇന്നലെ ഭരണകക്ഷി എം.എൽ.എ.മാർ മെമ്മോറാണ്ടം തന്നതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയും ഞാനുമായി ചർച്ചചെയ്ത് അധിക വിലയുടെ പകുതി വില കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. അത് നടപ്പിലാക്കുമ്പോൾ അവിടത്തെ നെല്ല് ഡിസ്പോസ് ചെയ്യാൻ കഴിയും. മറ്റ് നടപടികളൊന്നും ഉണ്ടായിട്ടില്ല. (ബഹളം.....)

മി. സ്പീക്കർ: ഇവിടെ ചർച്ചകൾ ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ പറയുന്നത് കേൾക്കണം. ചിലപ്പോൾ നിങ്ങൾക്ക് ഇഷ്ടമില്ലാത്തതായിരിക്കാം. കേൾക്കാനുള്ള സൻമനസ്സ് എല്ലാപേരും കാണിക്കണം. അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ, ദയവായി സഹകരിക്കുക.

(ശ്രീമതി കെ. ആർ. ഗൗരിയമ്മ): മുഖ്യമന്ത്രി കുട്ടനാട്ടിൽ പോയി അവിടെയുള്ള കൃഷിക്കാരോടും മറ്റ് സംഘടനകളോടും സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ. ഡോ. കെ. സി. ജോസഫ് തൃപ്തനാണെന്ന് പറഞ്ഞ് അദ്ദേഹം പത്രപ്രതിനിധികളെ വിളിച്ച് അത് വിവരിക്കുകയും ചെയ്തു. പിന്നെ എന്തുകൊണ്ടാണെന്ന് അറിയില്ല നിയമസഭയിൽ വന്നുകഴിഞ്ഞപ്പോൾ അദ്ദേഹം എതിരായിട്ട് പറയുന്നു. ഇപ്പോൾ നെൽകൃഷിയെ സംബന്ധിച്ചുള്ള പ്രശ്നങ്ങളൊക്കെ തീർന്നു. കുടിശ്ശിക ഉണ്ടായിരുന്നത് കൊടുത്തുകഴിഞ്ഞു. സൊസൈറ്റികളും പാടശേഖര സമിതികളും നെല്ലെടുക്കാൻ തുടങ്ങി. ബ്ലാക്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന സൊസൈറ്റികളെക്കൊണ്ട് നെല്ല് എടുപ്പിക്കുന്നില്ല. എടുക്കുന്നതിൽ മറിമായം കാണിച്ചിട്ടുള്ള സൊസൈറ്റികളെമാത്രം ഒഴിച്ചുനിർത്തി. പാടശേഖര കമ്മിറ്റികൾ എടുക്കുന്നുണ്ട്. പാടശേഖര കമ്മിറ്റികൾ എടുക്കാത്ത സ്ഥലങ്ങളിൽ സൊസൈറ്റികൾ എടുക്കുന്നുണ്ട്. ഒരു സ്തംഭനവുമില്ല. ഗവൺമെന്റ് പ്രവർത്തനങ്ങളിൽ ഡീസെൻട്രലൈസേഷൻ വന്നകാലം മുതൽ കൃഷിക്ക് ഉണ്ടായിരുന്ന പണത്തിൽ 75 ശതമാനം താഴോട്ട് സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തു. ജില്ലാ കൗൺസിൽ മുതൽ താഴെയുള്ള പഞ്ചായത്ത് കമ്മിറ്റിവരെ കൊടുത്തു. പണം കൃഷിക്ക് ഉപയോഗിച്ചിട്ടില്ല. ജില്ലാ കൗൺസിലും പഞ്ചായത്തുകളും ചില സ്ഥലങ്ങളിലൊഴിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുള്ള സ്ഥലങ്ങളിൽ ഫലപ്രദമായി കാർഷികരംഗത്ത് പണം മുടക്കുന്നില്ല. എല്ലാം റോഡിന് ചെലവാക്കുന്നു. കൃഷിക്ക് ചെലവാക്കേണ്ടത് അനുസ്യൂതം പോകുന്നു. കൃഷി അവഗണിക്കുന്നു. കുട്ടനാട്ടിൽ തന്നെ 200 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം ഉണ്ട്. ഈ ഗവൺമെന്റാണ് നടത്താൻ പോകുന്നത്. അതിനായിട്ട് മൂന്ന് സ്ഥലത്ത് അടുത്ത ദിവസംതന്നെ പണി തുടങ്ങുന്നതിനുള്ള നടപടിയുണ്ടാകും. അതുപോലെ സ്തംഭിച്ചു കിടന്നതും നടപ്പാക്കാതെ ഇട്ടിരുന്നതുമായ തൃശൂരിലെ കോൾ നിലങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത്തീർത്ത് അവിടെ പണി തുടങ്ങിക്കഴിഞ്ഞു. പൊക്കാളി കൃഷിക്കുവേണ്ടി 24 കോടിയോളം രൂപ നബാർഡിൽനിന്ന് അനുവദിച്ചു. കൃഷി സുമക്ഷിതമാക്കാൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് മേഖലയിൽ ബണ്ടുകൾ ഉറപ്പാക്കിക്കെട്ടാൻ തുടങ്ങി. ഇതിനാവശ്യമായ ഫണ്ട് നബാർഡിനെക്കൊണ്ട് അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നബാർഡ് തന്നിരിക്കുന്ന പണം ഉപയോഗിച്ച് നെൽകൃഷി അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. പുഞ്ചകൃഷി നശിക്കുന്നത് നിലങ്ങൾ നികത്തിയതുകൊണ്ടാണ്. ഒരുപാട് നിലങ്ങൾ നികത്തിയിട്ടുണ്ട്. ഇവിടെ പ്രസംഗിക്കുന്ന മെമ്പർമാരുടെ പാർട്ടി ആഫീസുകളും നികത്തിയ സ്ഥലങ്ങളിൽ പണിതിട്ടുണ്ട്. കുട്ടനാട്ടിൽ പോയി നോക്കിയാൽ കാണാം. (ബഹളം.....) മാർക്സിസ്റ്റ് പാർട്ടിയുടെ മണ്ഡലം കമ്മിറ്റി ആഫീസ്, ചെത്ത് തൊഴിലാളി യൂണിയൻ ആഫീസ്, പെരുന്തൽമണ്ണയിലെ മണ്ഡലം കമ്മിറ്റി ആഫീസ് എല്ലാം നിലം നികത്തി പണിതതാണ്. നിലങ്ങൾക്ക് വില കുറവാണ്. അതുകൊണ്ടാണ് നിലം നികത്തി ആഫീസുകൾ വച്ചത്. നിലം നികത്തുന്നതിനെതിരായി കർശനമായ നടപടികൾ എടുക്കാൻ നോക്കുന്നുണ്ട്. കുറ്റം പറയുന്നവരും കുറ്റം പറയാത്തവരും നികത്തുന്നുണ്ട്. തീർച്ചയായും അത് നെല്ലിനെ മാത്രമല്ല പരിസ്ഥിതിയെയും ബാധിക്കുന്ന പ്രശ്നം കൂടിയാണ്. നെൽകൃഷിയെ സംബന്ധിച്ചും നെൽകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്യാൻ തയ്യാറാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ട് നെല്ല് കുത്തി അരിയാക്കി എഫ്.സി.ഐക്ക് കൊടുക്കുന്നതിനുള്ള നടപടി എടുക്കുന്നതിനുള്ള ആലോചനയും നടക്കുന്നുണ്ട്. ഈ കൊല്ലം നെല്ല് സംഭരിക്കുന്നുണ്ട്. ഞാൻ ഇന്നലെയും പാലക്കാട് പോയി. ഇന്ന് കാലത്താണ് വന്നത്. (.....ബഹളം.....) ഞാൻ പല പ്രാവശ്യം ചർച്ചചെയ്ത് അംഗീകരിച്ചിട്ടുള്ള നടപടികളാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. ഇടക്കാലത്ത് ചെറിയ ഒരു സമയത്ത് പണം കൊടുക്കാൻ ഇല്ലാതെ വന്നതിന്റെ പേരിൽ അത് മുതലെടുത്ത് ബഹളം വച്ച് ഗവൺമെന്റിനെ കരിതേയ്ക്കാൻ നോക്കരുത്. ഇന്നലെ സംഭരണത്തിന് പണം കൊടുത്തുകഴിഞ്ഞു. കുടിശ്ശിക ഉണ്ടായിരുന്ന മുഴുവൻ തുകയും കൊടുത്തുതീർത്തു. ആ നിലക്ക് ഈ വിഷയം നിയമസഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. (.....ബഹളം.....).

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ സർ, അങ്ങ് ഇത് സംബന്ധിച്ച് മന്ത്രി പറയുന്നതൊന്നും കേട്ട് വസ്തുതകളാണെന്ന് ധരിച്ച് വളരെ പ്രധാനപ്പെട്ട ഈ പ്രശ്നം ചർച്ച ചെയ്യുന്നത് ഉപേക്ഷിക്കരുത്. കാരണം ഒന്നരമാസമായി കേരളത്തിലെ മുഖ്യമന്ത്രിയോട് കേരളത്തിലെ നെൽകൃഷിക്കാരുടെ ഗൗരവമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ തുടങ്ങിയതാണ്. ഇതുവരെ കാര്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാമത് കൊയ്ത്ത് കഴിഞ്ഞ് പാടശേഖരങ്ങളിൽ നെല്ല് മുഴുവൻ കുമ്പാരം കൂട്ടി

10.00 AM

LIBRARY ARCHIVES Kerala Legislative Assembly

ഇട്ടിരിക്കുകയാണ്. നെല്ല് വിൽക്കാൻ കഴിയുന്നില്ല. കഴിഞ്ഞ പ്രാവശ്യം കൊടുക്കാൻ ഉണ്ടായിരുന്ന ഹാന്റ്‌ലിംഗ് ചാർജ്ജ് ദാരിദ്ര്യവാസികളെപ്പോലെ ഒരു കോടി, രണ്ട് കോടി എന്നൊക്കെപറഞ്ഞിട്ട് ഒന്നര മാസം കഴിഞ്ഞിട്ട് രണ്ടു കോടി രൂപ പാലക്കാടും മൂന്നു കോടിയോളം രൂപ തൃശ്ശൂരും, ഏതാണ്ട് നാല് കോടിയോളം രൂപ കോട്ടയത്തും കൂടിശ്ശികയാണ്. അതിന്റെ ഫലമായി സഹകരണ മേഖലകൾ നെല്ല് സംഭരിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. പാടങ്ങളിൽ നെല്ല് മെതിച്ചതിനുശേഷം കുമ്പാരം കൂട്ടി ഇട്ടിരിക്കുന്നത് അങ്ങേയറ്റത്തെ വേദനയോടുകൂടിയും രോഷത്തോടുകൂടിയും കൃഷിക്കാർ ചൂണ്ടിക്കാണിച്ചതാണ്. ഞാൻ പോയി കണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പോയി, ദൂരെനിന്ന് അദ്ദേഹവും കണ്ടതായിട്ട് കൃഷിക്കാർ എന്നോട് പറഞ്ഞു. ഇതുവരെ നെല്ല് സംഭരണം നടന്നിട്ടില്ല. മന്ത്രി പറഞ്ഞത് പ്രശ്നം തീർത്തു, കൂടിശ്ശിക തീർത്തു എന്നൊക്കെയാണ്. മന്ത്രിയും മന്ത്രിയുടെ പാർട്ടിക്കാരും അഴിമതിക്കാരായ ഈ കൃഷി ഉദ്യോഗസ്ഥരും കൂടിച്ചേർന്ന് കൃഷിക്കാരുടെ വേദന കണ്ടില്ലെന്ന് നടിച്ച് കൃഷിക്കാരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയാണ്. കേരളത്തിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തു എന്ന് കേന്ദ്ര കൃഷിമന്ത്രി ചോദിച്ചപ്പോൾ ഒരാളും ആത്മഹത്യ ചെയ്തിട്ടില്ല എന്ന് കേന്ദ്ര കൃഷിമന്ത്രിക്ക് മറുപടി അയച്ച ആളാണ് അപ്പുറത്തിരിക്കുന്ന കൃഷിവകുപ്പുമന്ത്രി. കൃഷിക്കാരുടെ ദയനീയ സ്ഥിതിയെ സംബന്ധിച്ച് ഇവിടെയാതൊന്നും പഠിക്കുന്നില്ല. കേരളത്തിലെ കൃഷിക്കാരുടെ നെല്ല് സംഭരിക്കുന്നതിനു വേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ എന്നാണ് ഈ സഭയ്ക്ക് അറിയേണ്ടത്? സഹകരണ സംഘങ്ങൾ നെല്ല് എടുക്കാൻ പോകുന്നില്ല. 420 രൂപയ്ക്കാണെങ്കിൽ നെല്ലുമതിയെന്നാണ് മില്ലുകാർ പറയുന്നത്. ഗവൺമെന്റ് വില പ്രഖ്യാപിച്ചിരിക്കുന്നത് 250 രൂപയാണ്. കൃഷിക്കാർക്ക് കുറഞ്ഞത് 750 രൂപയെങ്കിലും നെല്ലിന് വില കിട്ടണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നേരിട്ട് നെല്ല് സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചാൽ മാത്രമേ ആ വില കിട്ടുകയുള്ളൂ, കൃഷിക്കാർ രക്ഷപ്പെടുകയുള്ളൂ. കൃഷിക്കാരന് ഗവൺമെന്റ് അടയ്ക്കാനുള്ള ഇൻഷ്വറൻസ് പ്രീമിയം തുക അടയ്ക്കാത്തതുകൊണ്ട് ഇൻഷ്വറൻസ് കമ്പനി ഇതുവരെ തുക നൽകിയിട്ടില്ല. അതുപോലെതന്നെ മുണ്ടശ്ശേരി ബാധിച്ച് കൃഷി നശിച്ചുകൊണ്ടിരിക്കുന്ന കൃഷിക്കാരന് അഞ്ചു നയാ പൈസപോലും ഈ ഗവൺമെന്റ് നൽകിയിട്ടില്ല. ശ്രീ. ശരത് പവാറിന് ഞാൻ അയച്ച കത്തിന് അദ്ദേഹം എനിക്ക് അയച്ച മറുപടിയിൽ പറയുന്നു 106 കോടി രൂപ നെൽകൃഷിക്കും നാളികേരത്തിന്റെ പുനരുദ്ധാരണത്തിനും വേണ്ടി 30 കോടി രൂപയും അടക്കം 136 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട് എന്ന്. ഇന്നലെ മുഖ്യമന്ത്രി അതു സമ്മതിച്ചു. 136 കോടി രൂപയല്ല, 50 കോടി രൂപ കൂടി തന്നു എന്ന് കൃഷിമന്ത്രിയും പറഞ്ഞു. അങ്ങനെ 186 കോടി രൂപ കേന്ദ്ര ഗവൺമെന്റ് തന്ന കാശ് കയ്യിലിരിക്കേ ഹാന്റ്‌ലിംഗ് ചാർജ്ജായിട്ടുള്ള ആറ് കോടിയോ, അതുപോലെതന്നെ ഒരു കോടി രൂപ ഇൻഷ്വറൻസിന്റെ പ്രീമിയമോ അടച്ചിട്ടില്ല. കേന്ദ്രഗവൺമെന്റ് തന്നിട്ടുള്ള പണം ബാങ്കിൽ പലിശയ്ക്കുവേണ്ടി ഇട്ടിരിക്കുകയാണ് എന്നുള്ളതല്ലാതെ ആ തുക കൃഷിക്കാർക്ക് ഉപകാരപ്രദമാക്കുന്ന വിധത്തിൽ നിങ്ങൾ എന്തുകൊണ്ട് വിനിയോഗിച്ചില്ല എന്നുള്ളതിന് ഉത്തരം പറഞ്ഞേ മതിയാകൂ. അതുകൊണ്ട് കാശ് ഇല്ലായ്മയല്ല. അങ്ങേയറ്റത്തെ നിരുത്തരവാദിത്വമാണ് കൃഷിക്കാരനെ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ആത്മഹത്യയിലേയ്ക്കും കണ്ണുനീരിലേക്കും തള്ളപ്പെടുന്നതിന് കാരണം. അതിന് പരിഹാരം ഉണ്ടാക്കാൻ കഴിയുമോ ഇല്ലയോ എന്നുള്ളത് മുഖ്യമന്ത്രിയിൽ നിന്ന് അറിയണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, അങ്ങ് എന്റെ പേരുകൂടി മെൻഷൻ ചെയ്തതുകൊണ്ട് ഞാൻ ചില കാര്യങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കൃഷിവകുപ്പുമന്ത്രി ഇവിടെ ചില കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. നെൽകൃഷിക്കാർ രണ്ട് കാരണംകൊണ്ട് വളരെ ഗുരുതരമായ സാഹചര്യങ്ങളെ നേരിടുകയാണ്. ഒന്ന്, നെല്ല് സംഭരണം. രണ്ട്, മുഞ്ഞബാധ. ഇത് രണ്ടിനെക്കുറിച്ചും തികഞ്ഞ ബോദ്ധ്യത്തോടുകൂടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് ശാശ്വത പരിഹാരം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവസാനം പറഞ്ഞു നിർത്തിയ കാര്യമാണെന്നുള്ളത് ഗവൺമെന്റിനറിയാം. അതു വച്ചുകൊണ്ട് കൃഷിവകുപ്പും ഭക്ഷ്യവകുപ്പും കൂടി അതിനെക്കുറിച്ച് വ്യക്തമായി ഒരു പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഞാൻ കൃഷിവകുപ്പുമന്ത്രിയേയും ഭക്ഷ്യവകുപ്പുമന്ത്രിയേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിളിച്ച് ഇക്കാര്യത്തിൽ പലവട്ടം ചർച്ച ചെയ്ത് ഒരു സ്കീമിന് രൂപം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് നെല്ല് ശേഖരിച്ച് കുത്തി അരിയാക്കിയാൽ എഫ്.സി.ഐ. അത് വാങ്ങണം. അങ്ങനെയാണെങ്കിൽ ഇവിടത്തെ മുഴുവൻ നെല്ലും സിവിൽ സപ്ലൈസിന് വിൽക്കാൻ ആഗ്രഹിക്കുന്ന മുഴുവൻ നെല്ലും നമുക്ക് കൊടുക്കാൻ പറ്റും. മാവേലിസ്റ്റോറിൽ കൂടി വിതരണം ചെയ്യുന്ന അരിയുടെ തോത് വളരെ കുറവാണ്. എഫ്.സി.ഐ. തരുന്ന വില അവർ പഞ്ചാബിൽ കൊടുക്കുന്ന വില തന്നെയാണ് എന്നാണ് പറയുന്നത്. അപ്പോൾ നമുക്ക് വലിയ നഷ്ടംവരും. അതുകൊണ്ട് എഫ്.സി.ഐ. യോട് നമ്മൾ ആവശ്യപ്പെടുന്നത് അവർക്ക് അവിടെ വാങ്ങുന്ന വിലയും ഇങ്ങോട്ടുള്ള ട്രാൻസ്പോർട്ട് കോസ്റ്റുംകൂടി ചേർത്ത് അവിടെ ആക്ച്വൽ കോസ്റ്റ്, കേരളത്തിലെ റേഷൻ അരിക്ക് ഇവിടെ തരുമ്പോൾ അവർക്ക് യഥാർത്ഥത്തിൽ വരുന്ന ആ ചെലവ് എന്താണോ അത് നമുക്ക് തന്നാൽ ഈ സിസ്റ്റം നിലവിൽ കൊണ്ടുപോകാൻ സാധിക്കും എന്നാണ്.

സർ, അതിന് കേന്ദ്രാനുമതികൂടി വേണം എന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. അടൂർപ്രകാശ് ഡൽഹിയിൽ പോയി ശ്രീ. ശരത്പവാറിനെ കണ്ടു, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൂടി വിളിച്ചുവരുത്തി ചർച്ച ചെയ്തു, തത്വത്തിൽ ശ്രീ. ശരത്പവാർ ഈ നിർദ്ദേശം അംഗീകരിച്ചുകാണണം. അതിന് ഒരു പൈസ നഷ്ടമുള്ളതല്ല. വെറും ഒരു അഡ്ജസ്റ്റ്മെന്റ് മാത്രമാണ്. തത്വത്തിൽ അംഗീകരിക്കുകയും രണ്ടാഴ്ചയ്ക്കകം അതിന്റെ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഡോ. കെ. സി. ജോസഫ് സൂചിപ്പിച്ചതുപോലെ ഈ സ്കീം നാം അടുത്ത കൊല്ലമേ നടപ്പിലാക്കുന്നുള്ളൂ. കാരണം ഇപ്പോൾ നെല്ല് പാടത്തുകിടക്കുകയാണ്. അടുത്ത കൊല്ലത്തെ സംബന്ധിച്ചിടത്തോളം ഈ നിലയിലൊരു കുറ്റമറ്റ സംവിധാനത്തിന് പരിപാടിയിട്ടിട്ടുണ്ട്. അതിന് നമുക്ക് ചില പരിപാടികൾ തുടങ്ങണം. ഈ വർഷംതന്നെ ഗോഡൗണുകൾ ഇല്ലാത്തിടത്ത് ഗോഡൗണുകളും, റൈസ് മില്ലുകളും ആവശ്യമായിട്ടുണ്ട്. വെച്ചൂർ, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിലെ രണ്ടു റൈസ് മില്ലുകളും

LIBRARY ARCHIVES Kerala Legislative Assembly

പ്രാവർത്തികമാക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുകയാണ്. കാരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ലെടുത്ത് അരികൊടുക്കാമെന്ന് പറയുന്ന സമയത്ത് മിൽ ഇല്ലെങ്കിൽ എന്തു ചെയ്യും. അതുകൊണ്ട് അടുത്ത വർഷത്തേയ്ക്കുള്ള കരുതൽ നടപടികൾ ഇപ്പോഴേ ഗവൺമെന്റ് ആരംഭിക്കുകയാണ്. ഗോഡൗൺ, റൈസ്മിൽ അതുപോലെ എഫ്. സി. ഐ-യുമായിട്ടുള്ള ധാരണ, ഇതെല്ലാം ശരിയാക്കി അടുത്തവർഷം സ്ഥിരമായിട്ടുള്ള ഒരു സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. ഈ വർഷത്തെകാര്യം വളരെ പ്രധാനപ്പെട്ടതാണ്. നെല്ല് പാടത്ത് കിടക്കുന്നു, പലയിടത്തും കൊയ്ത്തു കഴിഞ്ഞു, ചിലയിടത്ത് കൊയ്ത്ത് തുടങ്ങാൻ പോകുന്നതേയുള്ളു. കഴിഞ്ഞ പ്രാവശ്യത്തെ ഹാന്റ്ലിംഗ് ചാർജ് കിട്ടിയിട്ടില്ല എന്നാണ് സൊസൈറ്റികൾ പരാതി പറഞ്ഞത്; അവർ പറഞ്ഞത് ശരിയാണ്. കഴിഞ്ഞ പ്രാവശ്യത്തെ ഹാന്റ്ലിംഗ് ചാർജ് കിട്ടാതിരിക്കുന്നു, ഞങ്ങൾ ബുദ്ധിമുട്ടുന്നു, ഞങ്ങൾ എന്തുചെയ്യുമെന്ന് ചോദിക്കുന്നത് സ്വാഭാവികമല്ലേ. അടിയന്തിരമായി കൃഷിവകുപ്പിൽ നിന്ന് അതിന് നടപടികൾ സ്വീകരിച്ചു. കൃഷി വകുപ്പിന്റെ അലോട്ട്മെന്റിൽ ഉണ്ടായിരുന്ന തുകയൊക്കെ ആദ്യം കൊടുത്തു. പക്ഷെ അതുകഴിഞ്ഞിട്ടും തീരുന്നില്ല, ആറ് കോടി രൂപ കൂടി വേണം. ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടെങ്കിലും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കൃഷിക്ക് ഏറ്റവും പ്രയോറിറ്റി കൊടുക്കണമെന്നതിന്റെ പേരിൽ, കൃഷിവകുപ്പിൽ നിന്നും ആറ് കോടി രൂപ കൂടി ഉണ്ടെങ്കിൽ മാത്രമേ ഇത് സാധിക്കൂ എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആറ് കോടി രൂപ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സപ്ലിമെന്ററി ഡിമാന്റിൽ നേരത്തേതന്നെ ഒരു കോടി അറുപത്തിയൊന്നു ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരുന്നു. ഇന്നലെ ഇവിടെ അംഗീകരിച്ച സപ്ലിമെന്ററി ഡിമാന്റിൽ ഒരു കോടി അറുപത്തിയൊന്ന് ലക്ഷം രൂപയ്ക്കുപുറമേ നാല് കോടി മുപ്പത്തിയൊൻപത് ലക്ഷം രൂപ കൂടി ഒകൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ ആറു കോടി രൂപയുടെ അലോട്ട്മെന്റ് ആകുകയാണ്. രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ ആ തുക ജില്ലകളിൽ എത്തിക്കും ഓരോ ജില്ലയ്ക്കും തുക എത്രയാണ് എന്നൊക്കെയുള്ളത് തീരുമാനിച്ച് കൊടുക്കും; കുടിശ്ശിക മുഴുവൻ കൊടുക്കും; പാലക്കാട് വേറൊരു പ്രശ്നം കൂടി വന്നിട്ടുണ്ട്. കഴിഞ്ഞ കൊല്ലം എടുത്ത നെല്ല് വിറ്റിട്ടില്ല. ആലപ്പുഴയിലും കോട്ടയത്തുമൊക്കെ നെല്ല് എടുത്തുതുടങ്ങി. ഇന്ന് രാവിലെ ഡോ. കെ.സി. ജോസഫ് ഇവിടെ അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നു എന്ന് അറിഞ്ഞതിനുശേഷം ഞാൻ കോട്ടയത്ത് വിളിച്ചു. ഇന്നലെവരെ എടുത്ത ലോഡിന്റെ കണക്ക് ഞാൻ അവരോട് ചോദിച്ചു.

ഡോ. കെ.സി. ജോസഫ്: നഷ്ടംവരാതെ കൃഷിക്കാരെ സംരക്ഷിക്കാൻ പറ്റുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ചെയ്ത കാര്യങ്ങൾ പറയാം, നമുക്കിപ്പോൾ എല്ലാംകൂടി ചെയ്യാൻ സാധിക്കുകയില്ല., ശ്രീ. ടി.എസ്. ജോൺ നിരാഹാരം ആരംഭിക്കുന്നു എന്നുപറഞ്ഞ് ശ്രീ. പി.സി. ജോർജ് നോട്ടീസ് തന്നതിന്റെ അടിസ്ഥാനത്തിൽ കോട്ടയത്ത് ഞായറാഴ്ച യോഗം വിളിച്ചുകൂട്ടി അവിടെ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആ സമരം അവർ പിൻവലിച്ചു. അതിനുശേഷം അവിടത്തെ നടപടികളെക്കുറിച്ച് ഞാൻ ഇന്ന് അന്വേഷിച്ചപ്പോഴാണ് നീണ്ടൂർ സൊസൈറ്റി

LIBRARY ARCHIVES Kerala Legislative Assembly

അറുപത് ലോഡ് ഇന്നലെക്കൊണ്ട് എടുത്തുതീർത്തു എന്നുപറഞ്ഞാൽ. ആലപ്പുഴയിലും തുടങ്ങിയിട്ടുണ്ട്; പൂർണ്ണമായിട്ടില്ല നമുക്ക് ചില നടപടികൾ കൂടി ആവശ്യമാണ്. പരമാവധി ആളുകളെ നമ്മളിപ്പോൾ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെ സ്വകാര്യമില്ലുകാരുമായി സംസാരിച്ചു. അവരോട് പറഞ്ഞു, നിങ്ങൾ കേരളത്തിൽ നിന്നുതന്നെ നെല്ല് എടുക്കണമെന്ന് ചില പ്രശ്നങ്ങളുണ്ട്, അത് പരിഹരിക്കണമെന്ന് അവർ പറഞ്ഞു, ഞാൻ അവരോട് പറഞ്ഞു, നിങ്ങൾ കേരളത്തിൽ നിന്ന് നെല്ല് എടുക്കുന്നതിന്റെ കണക്കുമായിട്ടു വരൂ, നിങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണ് എന്ന്. നിങ്ങൾ തമിഴ്നാട്ടിൽപ്പോയി നെല്ല് എടുക്കുകയും നിങ്ങളുടെ പ്രശ്നങ്ങളുമായി ഇവിടെ വരികയും ചെയ്താൽ അത് സാധാരണ മട്ടിൽ അതിന്റെ നടപടി ക്രമങ്ങൾ അനുസരിച്ചുപോകും. അതല്ല ഒരു പ്രത്യേക പരിഗണന വേണമെങ്കിൽ കേരളത്തിലെ കർഷകരുടെ നെല്ല് എടുത്തുവെന്ന് കാണിക്കണമെന്ന് പറഞ്ഞു, അവർ ആ ലിസ്റ്റ് ഇന്ന് തരാമെന്നുപറഞ്ഞിരിക്കുകയാണ്. പരമാവധി നെല്ല് സംഭരണം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കും. ഇതിന്റെ പ്രാധാന്യം നല്ലതുപോലെ അറിയാം. അതിനകത്ത് ഇന്ന് എടുക്കുന്ന വേഗത പോരായെന്നുള്ളത് ഞങ്ങൾ മനസ്സിലാക്കുന്നു. അതുകൊണ്ട് പാടശേഖര കമ്മിറ്റികൾ സൊസൈറ്റികൾ അതിനുപുറമേ മുന്നോട്ടുവരാവുന്ന മറ്റ് സന്നദ്ധ സംഘടനകളേയും ഞങ്ങൾ ഈ രംഗത്തേക്ക് കൊണ്ടുവന്നിട്ടുണ്ട്. ഞാൻ അതിലേക്ക് വരികയാണ്.

<u>ശ്രീ പി. ജെ. ജോയി:</u> പുറമേ നിന്നുവരുന്ന നെല്ലിന്റെ കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തണം. അതാണ് പ്രധാന കാര്യം.

<u>ശ്രീ. ഉമ്മൻചാണ്ടി:</u> അതിന്റെ നിയമസാദ്ധ്യതകളെപ്പറ്റി ആലോചിച്ചിട്ടേ പറയാൻ സാധിക്കൂ. കുട്ടനാട് സൊസൈറ്റി മുന്നോട്ടു വന്നിട്ടുണ്ട്. കോട്ടയത്തും അവർ ഒരു പരിധിവരെ പാലക്കാട്ടേയ്ക്കും പോകാമെന്ന് പറഞ്ഞു. ഇൻഫാമും മുന്നോട്ടു വന്നിട്ടുണ്ട്. അവരും അംഗീകരിക്കുകയാണ്. ഏതായാലും ഇവിടെ ഡോ. കെ. സി. ജോസഫും പ്രതിപക്ഷ നേതാവുമൊക്കെ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഞങ്ങൾ ഇന്ന് വീണ്ടും നെല്ല് സംഭരണം സംബന്ധിച്ച് ഈ ജില്ലകളിലെ കാര്യങ്ങൾ ഒന്നുകൂടി വിലയിരുത്തുന്നുണ്ട്. കൂടുതൽ ഏജൻസികളെ പരമാവധി ഈ രംഗത്തേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കും. പാലക്കാട് ഇതിന് വ്യത്യസ്തമായ ഒരു സാഹചര്യമുണ്ട്. കഴിഞ്ഞ പ്രാവശ്യം എടുത്ത നെല്ല് വിറ്റഴിക്കാൻ സാധിക്കാതെ കിടക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ഇവിടെ നിന്നൊക്കെ എടുത്തതിനേക്കാൾ വളരെക്കൂടുതൽ വില പാലക്കാട് നിശ്ചയിച്ചു. 830 രൂപ, ബാക്കിയുള്ളിടത്തൊക്കെ 750 രൂപയ്ക്ക് എടുക്കാൻ പറഞ്ഞപ്പോൾ പാലക്കാട് 830 രൂപയ്ക്ക് എടുത്തു. സൊസൈറ്റിയുടെ മേൽ ഈ വില അടിച്ചേൽപ്പിച്ചു. അതനുസരിച്ച് വാങ്ങിച്ചു. ഇന്നിപ്പോൾ വിൽക്കാൻ പറ്റാത്ത സ്ഥിതിയാണ്. ഞാൻ കഴിഞ്ഞ ദിവസം 25-ാം തീയതി അവിടത്തെ സൊസൈറ്റികളേയും ജില്ലാ ബാങ്ക് പ്രസിഡന്റുമാരേയും എം.എൽ. എ. മാരേയും എല്ലാപേരേയും കൂടി വിളിച്ചു; കളക്ടറും കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാരും ഒക്കെയുണ്ടായിരുന്നു, ഇതിന് ഒരു പരിഹാരമുണ്ടാക്കണമെന്ന് പറഞ്ഞു; (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: എം.എൽ.എ. മാരെ വിളിച്ചു എന്നാണ് പറയുന്നത്. എം.എൽ.എ. മാരായ ഞങ്ങളാരും ആ യോഗത്തിന്റെ വിവരം അറിഞ്ഞിട്ടില്ല. ഞങ്ങൾക്ക് അഭിപ്രായമുണ്ട്, ആ അഭിപ്രായം ഞങ്ങൾക്ക് അങ്ങയോട് പറയൻ കഴിയാതെ പോയത് അതുകൊണ്ടാണ്.

ശ്രീ. ഉമ്മൻചാണ്ടി: ഇത് കല്യാണത്തിന് വിളിക്കുന്നതുപോലെ വിളിക്കാനൊന്നും പറ്റില്ല.....(ബഹളം).....

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.എൽ.എ. -മാരെ അറിയിച്ചു എന്ന് പറഞ്ഞാൽ, അദ്ദേഹം കളക്ടർ വഴിയോ അല്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോസ്ഥൻ വഴിയോ എം.എൽ.എ.-മാരെ അറിയിച്ചിരിക്കണം. അല്ലാതെ എം.എൽ.എ.-മാരെ അറിയിച്ചു എന്ന് പറയരുത്. അങ്ങനെ ഇവിടെ പറഞ്ഞതിനെ തുടർന്നാണ് എം.എൽ.എ.-മാർ ഞങ്ങൾ അറിഞ്ഞില്ല എന്ന് പറഞ്ഞത്. ഇത് വളരെ ഇന്റർസ്റ്റായി അവർ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അവർ പ്രതിനിധാനം ചെയ്യുന്ന കൃഷിക്കാരുടെ പ്രശ്നം ശ്രദ്ധയിൽപ്പെടുത്താൻ അവസരം പാർത്തിരിക്കുമ്പോൾ അവരെയൊന്നും അറിയിക്കാതെ ജെ.എസ്.എസ്.-കാരായ കുറേ ആളുകൾക്ക് കൊടുത്തു. ലിസ്റ്റനുസരിച്ച് വന്ന കോൺഗ്രസുകാരും മറ്റുമായി നിങ്ങൾ ആലോചിച്ച് തീരുമാനം എടുത്തുകാണും. നല്ല തീരുമാനമാണെങ്കിൽ വിളിച്ചില്ലെങ്കിലും ഞങ്ങൾ ക്ഷമിക്കാം. ആ പാടശേഖരത്തിൽ കൂടിക്കിടക്കുന്ന നെല്ല് എങ്ങനെ കൈകാര്യം ചെയ്യും എന്നുള്ളതാണ് ഇവിടുത്തെ പ്രശ്നം. ഒന്നാമത് അത് പറയണം. രണ്ടാമത്, മുഞ്ഞ ബാധിച്ച് കൃഷി നശിച്ച കൃഷിക്കാരെ സഹായിക്കുമോ എന്നറിയണം. മൂന്നാമതായി, ഇൻഷ്വറൻസിന്റെ പ്രീമിയം അടയ്ക്കാതിരുന്നതിന്റെ ഫലമായി ആറ് കോടി രൂപയാണ് കൃഷിക്കാർക്ക് നഷ്ടപ്പെട്ടത്. നഷ്ടപ്പെട്ട തുക തിരിച്ചുകൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയണം. കൃഷിക്കാരെ ഇപ്പോൾ ബാധിച്ചുകൊണ്ടിരിക്കുന്ന പ്രശ്നം സംബന്ധിച്ച ഉത്തരമാണ് ഞങ്ങൾക്ക് വേണ്ടത്. .....(ബഹളം).....

ശ്രീ. സി. പി. മുഹമ്മദ്: ജില്ലാ ബാങ്ക് പ്രസിഡന്റ് സി.പി.ഐ.-(എം)-ന്റെ ആളാണ്. നിങ്ങൾ ഉന്നയിച്ച ആരോപണം രാഷ്ട്രീയപ്രേരിതമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നെല്ല് സംഭരണം സംബന്ധിച്ച് പാലക്കാട് ജില്ലയിൽ പ്രത്യേക പ്രശ്നമുണ്ട്. കോട്ടയത്തും ആലപ്പുഴയിലും തൃശൂരിലും ഇല്ലാത്ത പ്രശ്നമാണ് അവിടെയുള്ളത്. കാരണം കഴിഞ്ഞ പ്രാവശ്യത്തെ വിലക്കൂടുതൽകൊണ്ട് അവിടെ നെല്ല് കെട്ടിക്കിടക്കുന്നു എന്ന് പറഞ്ഞപ്പോൾ ഞാൻ എന്റെ പരിപാടിയിൽ മാറ്റം വരുത്തിക്കൊണ്ട് ചർച്ച ചെയ്യാൻ തയ്യാറായതാണ്. ഞാൻ ഗസ്റ്റ്ഹൗസിൽ ബന്ധപ്പെട്ടവരെ വിളിക്കാൻ പറഞ്ഞു. സൊസൈറ്റിയുടെ പ്രസിഡന്റും ബാക്കി എല്ലാപേരും വരുമെന്ന് പറഞ്ഞു. സൊസൈറ്റിയുമായി ബന്ധമുള്ള എം.എൽ.എ.-മാർ അവിടെ വന്നു. ഞാൻ പോയത് ശ്രീ. എ.കെ. ബാലനുംകൂടി ഇരുന്നിരുന്ന സ്റ്റേജിൽനിന്നാണ്. ഞാൻ ധൃതിവച്ചു. കാരണം, ജില്ലാ ബാങ്ക് പ്രസിഡന്റ് ഒരു മണിക്കൂറായി അവിടെ കാത്തിരിക്കുന്നു. അദ്ദേഹവുമായി ഒന്നിച്ചിരുന്നിട്ടാണ് പോയത്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: പ്രതിപക്ഷത്തുള്ള ഏതെങ്കിലും ഒരു എം.എൽ.എ.-യെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചോ? ഇന്നിപ്പോൾ പറയുന്നത് കല്യാണത്തിന് വിളിക്കുന്നതുപോലെ വിളിക്കാൻ പറ്റില്ലെന്നാണ്. ഒരു മുഖ്യമന്ത്രി പറയേണ്ട വാക്കാണോ ഇത്.? ഞാനും ആ വേദിയിൽ ഉണ്ടായിരുന്നിട്ട്, ശ്രീ. ബാലൻ ഇങ്ങനെയൊരു യോഗമുണ്ട് നിങ്ങൾ വരണമെന്ന് പറഞ്ഞോ? കളക്ടർമാരല്ലേ എം.എൽ.എ.-മാരെ അറിയിക്കേണ്ടത്.? മുഖ്യമന്ത്രി പറയുന്നത് കല്യാണത്തിന് വിളിക്കുന്നതുപോലെ വിളിക്കാൻ പറ്റില്ലെന്നാണ്. സാധാരണ അങ്ങനെയാണോ വിളിക്കുന്നത് ?

ശ്രീ. ഉമ്മൻചാണ്ടി: എനിക്ക് എന്റെ ഭാഷയിലേ പറയാൻ കഴിയൂ. ആരേയും വിളിച്ചിട്ടില്ല. .....(ബഹളം).....

ശ്രീ. വി. എസ്. അച്യുതാനന്ദൻ: അത് നല്ല ഭാഷയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, നിങ്ങൾ ഉപയോഗിച്ച ഭാഷ തികച്ചും പ്രകോപനപരമാണ്. എം.എൽ.എ.-മാരെ അവഹേളിക്കുകയാണ്. നമ്മൾ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ സൗഹൃദപരമായ നിലയിൽ പ്രശ്നപരിഹാരത്തോടുകൂടിയവിധം സംഭാഷണം നടത്തണം. പ്രകോപനം ഉണ്ടാക്കാതെ ഈ പ്രശ്നം തീർക്കാൻ അങ്ങ് ശ്രമിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: എന്റെ ഏതെങ്കിലും വാക്ക് നിങ്ങളെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ പിൻവലിച്ചിരിക്കുന്നു. പാലക്കാട്ടുള്ള പ്രത്യേക പ്രശ്നം പരിഹരിക്കണമെന്നുള്ളതിന്റെ പേരിൽ എന്റെ പരിപാടിപോലും മാറ്റിവച്ചിട്ടാണ് ഞാൻ പോയത്. അതിന് താൽപര്യമുള്ള ആളുകൾ, സൊസൈറ്റിയുമായി ബന്ധപ്പെട്ടവർ വന്നു. ഞാൻ പോകുന്ന സമയത്ത് ശ്രീ. എ. കെ. ബാലനോട് വരണോയെന്ന് ചോദിച്ച് വിളിച്ചില്ല. ഇങ്ങനെയൊരു മീറ്റിംഗുണ്ട്, അതിൽ ജില്ലാ ബാങ്ക് പ്രസിഡന്റ് അവിടെ കാത്തിരിക്കുന്നു. അതുകൊണ്ട് ഞാൻ ധൃതിവച്ച് പോകുന്നു എന്നു പറഞ്ഞു. അങ്ങനെ ഞാൻ ധൃതിവച്ച് അവിടെ നിന്നും പോയി. അവിടെ കക്ഷി രാഷ്ട്രീയത്തിനൊക്കെ വ്യത്യസ്തമായിട്ടാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്. സൊസൈറ്റിയുമായി ബന്ധപ്പെട്ട ജില്ലാ ബാങ്ക് പ്രസിഡന്റ്, നിങ്ങളുടെ പാർട്ടിക്കാരനല്ലേ? ..... (ബഹളം).....

ശ്രീ. സി. പി. മുഹമ്മദ്: ജില്ലാ വികസന സമിതിയുടെ, പ്രതിപക്ഷ നേതാവിന്റെ പ്രതിനിധിയായി ശ്രീ. വിജയദാസ് ആ യോഗത്തിൽ പങ്കെടുത്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, എല്ലാ എം.എൽ.എ.-മാരേയും വിളിച്ചു എന്നാണ്. ശ്രീമതി കെ.ആർ. ഗൗരിയമ്മയുടെ പാർട്ടിക്കാർ പറഞ്ഞത് പ്രശ്നം ഉന്നയിച്ച എം.എൽ.എ.-മാരെ മാത്രമേ വിളിച്ചിട്ടുള്ളൂ എന്നാണ്. ഇതിൽനിന്നും വ്യക്തമാകുന്നത്, ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ പാർട്ടി ഉണ്ടാക്കിയെടുത്ത തീരുമാനമാണ് നടപ്പിലാക്കിയതെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് മറച്ചുവച്ചുകൊണ്ടുള്ള കളി കളിക്കരുത്. എന്താണ് നടന്നതെന്ന് ഈ സഭയ്ക്ക് അറിയണം. ഭരണകക്ഷിയിലെ എം.എൽ.എ.-യാണ് അത് പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: എന്റെ പാർട്ടിയുടെ തീരുമാനം ഞങ്ങൾ പറഞ്ഞോളാം.

ശ്രീ. കെ. എ. ചന്ദ്രൻ: പാലക്കാട്ടെ നെൽക്കൃഷിക്കാരുടെ പ്രശ്നം അതിസൂക്ഷ്മമാണ്. കഴിഞ്ഞ തവണ സംഭരിച്ച നെല്ല് വിൽക്കാൻ കഴിയാത്ത ബുദ്ധിമുട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാലക്കാട്ട് വരുന്നു എന്ന് അറിഞ്ഞിട്ട് ഞങ്ങളിൽ പലരും നിവേദനം നടത്തുകയും ഇത് ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് ജില്ലാ ബാങ്ക് പ്രസിഡന്റ് പ്രതിപക്ഷ നേതാവിന്റെ പ്രതിനിധി ശ്രീ. വിജയദാസ് എന്നിവർ പങ്കെടുത്തു. ..... (ബഹളം).....ഇത് ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കണമെന്നാണോ, ബഹളമുണ്ടാക്കണമെന്നാണോ? ഞങ്ങളൊക്കെ പങ്കെടുത്തു. നിങ്ങൾ ഉന്നയിച്ചോ ഇല്ലയോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞങ്ങൾ പങ്കെടുത്തു, ചർച്ച നടത്തി. നിരുത്തരവാദപരമായി മാറിനിന്നു പെരുമാറിയ ആളുകൾ സഭയിൽവന്ന് ആളാകുന്നതിനുവേണ്ടി എന്തൊക്കെയോ കാട്ടിക്കൂട്ടുകയാണ്. നാണക്കേടല്ലേ? പ്രശ്നപരിഹാരമല്ല, പ്രശ്നം സങ്കീർണ്ണമാക്കുക എന്നുള്ളതാണ് ഇവരുടെയൊക്കെ ആഗ്രഹം. നെല്ലെടുത്തോ? നമുക്ക് കേസ് ബൈ കേസായി എടുക്കാം. അവിടെ എൽ.ഡി.എഫ്. സൊസൈറ്റികൾ മാത്രമല്ല, യു.ഡി.എഫ്-ന്റെ സൊസൈറ്റികളും ഏറിയകൂറും എടുത്തു. പാഡിക്കോ പ്രസിഡന്റും, ജില്ലാ ബാങ്കിന്റെ പ്രസിഡന്റ് വിജയദാസും, ഞങ്ങളുമൊക്കെ പങ്കെടുക്കുകയുണ്ടായി. അത്രമാത്രം രൂക്ഷമായ പ്രശ്നമായതുകൊണ്ടാണ് ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തേടിപ്പോയത്. മുഖ്യമന്ത്രി അതിന് അനുവാദം തരികയും സന്ദർശം ഒരുക്കുകയും ചെയ്തു. അവിടെ വരാത്ത ആളുകൾ ഇവിടെ പ്രശ്നം സൃഷ്ടിക്കുകയാണ്. ഇതിന് പരിഹാരം ഉണ്ടാകണം.

മി. സ്പീക്കർ: വളരെ ഗൗരവതരമായ പ്രശ്നം നമ്മൾ വളരെപുളളി ചർച്ച ചെയ്ത് അതിന്റെ പ്രാധാന്യം കുറയ്ക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതികരണത്തിനുള്ള സമയമാണ്. എല്ലാപേരും ബഹളം കൂട്ടിയിട്ട് കാര്യമില്ല. അതിന്റെ കാരണങ്ങൾ വിശദീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അനുവദിക്കുകയാണ്. ദയവുചെയ്ത് സഹകരിക്കണം.

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി: പാലക്കാട്ട് അങ്ങനെ ഒരുവക വ്യത്യാസവുംവച്ച് വിളിച്ചതല്ല. അതിനകത്ത് ഇൻവോൾവ്ഡായിട്ടുള്ള എല്ലാപേരും പങ്കെടുത്തിരുന്നു. ജില്ലാ ബാങ്ക് പ്രസിഡന്റും മറ്റ് ബാങ്കുകളുടെ പ്രസിഡന്റുമാരും പങ്കെടുത്തിരുന്നു. അവിടെ വച്ച് തീരുമാനം എടുത്തിട്ടുണ്ട്. ആ തീരുമാനം അനുസരിച്ച് കെട്ടിക്കിടക്കുന്ന നെല്ല് വിൽക്കുന്നതിന് സൊസൈറ്റികളുമായി ധാരണ ഉണ്ടാക്കി പാലക്കാട്ടെ നെല്ല് സംഭരണം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. അത് സംബന്ധിച്ചുള്ള ഒരു തീരുമാനം ഇന്ന് ഗവണ്മെന്റ് എടുക്കും. അതനുസരിച്ച് പാലക്കാട്ട് കെട്ടിക്കിടക്കുന്ന നെല്ല് സംഭരിക്കുന്നതിന് മുമ്പ് കെട്ടിക്കിടക്കുന്ന നെല്ല് വിൽക്കണം. അതിന് സൊസൈറ്റികൾക്ക് സഹായകരമായ നിലപാട് ഗവണ്മെന്റും സൊസൈറ്റികളുംകൂടി എടുക്കത്തക്കവിധത്തിൽ ഉള്ള തീരുമാനമാണ് എടുത്തിരിക്കുന്നത്. പ്രശ്നപരിഹാരം ഉണ്ടാക്കും. അങ്ങ് പറഞ്ഞ ഇൻഷ്വറൻസിന്റെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ട്. ഇൻഷ്വറൻസിന് ഗവണ്മെന്റ് അടയ്ക്കേണ്ട വിഹിതം ഉടൻതന്നെ അടയ്ക്കും. കർഷകർക്ക് കിട്ടേണ്ട തുക കിട്ടുന്നതിനുള്ള അനുകൂലമായ സാഹചര്യം ഉണ്ടാക്കും. മുഞ്ഞ ബാധിച്ച് ആലപ്പുഴ ജില്ലയിൽ വളരെ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അത് സംബന്ധിച്ച് ഞങ്ങൾ രണ്ട് പ്രാവശ്യം ചർച്ച ചെയ്തു. ഡോക്ടർ കെ. സി. ജോസഫ് ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞങ്ങൾ അവിടെപ്പോയി നേരിട്ട് കണ്ടു. അതിന്റെ അടിസ്ഥാനത്തിൽ മുഞ്ഞ ബാധിച്ച് കൃഷിനാശം സംഭവിച്ചവർക്ക് പൂർണ്ണമായും നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അങ്ങ് സഹകരണ സംഘങ്ങളുമായി ചർച്ച ചെയ്ത് അവർ എടുക്കേണ്ട തുകയെ സംബന്ധിച്ച് ഒരു പരസ്പര ധാരണ ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കി. മിനിഞ്ഞാന്ന് പാലക്കാട് പോയി ഈ സഹകരണ സംഘത്തിന്റെ നേതാക്കൻമാരുമായിട്ട് ചർച്ച ചെയ്തു; കളക്ടറുമായി ബന്ധപ്പെട്ടു. അദ്ദേഹവുമായി ചർച്ച ചെയ്തപ്പോൾ ഈ കൂടിയാലോചനയുടെ കാര്യം മുഖ്യമന്ത്രി നിർദ്ദേശിച്ചു. കൂടിയാലോചനയുടെ കാര്യം അവർ എന്നോട് പറഞ്ഞു, സഹകരണ സംഘത്തിന്റെ ആളുകൾ പറഞ്ഞത്, ഇന്നത്തെ ഈ പ്രൊപ്പോസൽ അനുസരിച്ചാണെങ്കിൽ ഒരു സംഘത്തിന് 25 ലക്ഷം രൂപയുടെ നഷ്ടം വരും. അതുകൊണ്ട് ഒരു തരത്തിലും ഞങ്ങളെ കംപൽ ചെയ്യരുതെന്ന് മുഖ്യമന്ത്രിയെ അറിയിക്കണമെന്ന് അവർ പ്രതിപക്ഷനേതാവ് എന്നുള്ള നിലയിൽ എന്നോട് പറഞ്ഞു. സഹകരണ സംഘത്തിന് നഷ്ടം വരാത്ത വിധത്തിൽ ഒരു പ്രൊപ്പോസൽ പറഞ്ഞാലേ അവർ നെല്ല് സംഭരിക്കാൻ പോകുന്നുള്ളൂ എന്ന വസ്തുത ഞാൻ അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. ഉമ്മൻചാണ്ടി: കഴിഞ്ഞ പ്രാവശ്യം 8 രൂപ 30 പൈസയ്ക്ക് സംഭരിക്കാൻ പാടില്ലായിരുന്നു. യാതൊരു യാഥാർത്ഥ്യബോധവുമില്ലാതെയാണ് വില നിശ്ചയിച്ചത്. അതിന്റെ പുറത്തുവന്നിട്ടുള്ള ഒരു പ്രശ്നമാണ്. ഈ ഒരു പ്രത്യേക സാഹചര്യത്തിൽ ഇനി ഇതിൽ നിന്ന് ഒരു വ്യത്യാസം വരണമെന്നുണ്ടെങ്കിൽ ഗവൺമെന്റും സഹകരിക്കാം; സൊസൈറ്റിയും അതിന്റേതായ ചില ബാദ്ധ്യതകൾ ഏറ്റെടുത്താൽ മാത്രമേ ഈ പ്രശ്നത്തിന് പ്രായോഗികമായി പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അവർ കൂടി സഹകരിക്കാതെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകില്ല എന്ന് അവരോട് ഞാൻ പറഞ്ഞു. ഗവൺമെന്റ് ഒരു അധിക ബാദ്ധ്യത ഏറ്റെടുക്കുകയാണ്. ആ കൂട്ടത്തിൽ സൊസൈറ്റിയുടെ ഒരു പങ്കാളിത്തം കൂടി അതിനകത്ത് ഉണ്ടാകണമെന്ന് അവരോട് അഭ്യർത്ഥിച്ചു. അവർ കൂടി സഹകരിച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാവുകയുള്ളൂ. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: കൃഷി വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ.....(ബഹളം).....
ലോകത്തുള്ള സകല കാര്യങ്ങളും പറയാൻ പറ്റില്ല. ചില നടപടിക്രമങ്ങളൊക്കെയുണ്ട്. ഇതുവരെ സമയം തന്നത് തന്നെ ഈ വിഷയത്തിന്റെ പ്രാധാന്യവും മെമ്പർമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

വികാരവും കണക്കിലെടുത്തുകൊണ്ടാണ്: പരമാവധി സമയം തരുന്നത് ചെയറിന്റെ ദൗർബല്യമായി കരുതരുത്. കൃഷി വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു. (അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അടിയന്തിരപ്രമേയം സംബന്ധിച്ചുള്ള അങ്ങയുടെ പ്രതികരണം ഇവിടെ വ്യക്തമാക്കപ്പെട്ടു. ഞങ്ങൾ അടിയന്തിര പ്രമേയത്തിന് ആധാരമായി ഉന്നയിക്കേണ്ട പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയ്ക്ക് വിധേയമാക്കാൻ പരമാവധി പരിശ്രമിച്ചുവെങ്കിലും അത് ഫലപ്രദമായില്ല. ഗവൺമെന്റിന്റെ പാർട്ടിക്കാരായിട്ടുള്ള ആളുകൾ എന്റെയും കൂടി സാന്നിദ്ധ്യത്തിൽ, എന്നുപറഞ്ഞാൽ, എന്റെ പ്രതിനിധി ശ്രീ. വിജയദാസ് ആണ്, അദ്ദേഹം ഇടപ്പള്ളി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രതിനിധിയാണ്. എന്റെ പ്രതിനിധിയാണ്, ഞാൻ കൂടി സഹകരിച്ചു എന്നുള്ള നിലയിൽ തെറ്റിദ്ധരിച്ചതുകൊണ്ട് പറയുകയാണ്, ഏതായാലും ഈ പ്രശ്നം സംബന്ധിച്ച്, കൃഷിക്കാരന്റെ കണ്ണുനീർ ആകാവുന്നത്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടി എല്ലാവരും പരിശ്രമിച്ചിട്ടും അതങ്ങോട്ട് തലയിൽ കയറാതെ വളരെ നിർബന്ധപൂർവ്വമായ നിലപാട് സ്വീകരിച്ചിട്ട് അവരെ കണ്ണുനീർ കുടിപ്പിക്കുകയും ആത്മഹത്യയിലേക്ക് നയിച്ച അടങ്ങു എന്നുള്ള നിലപാടുമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിനോടുള്ള ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞങ്ങൾ ഈ സഭയിൽ നിന്ന് വാക്കൗട്ട് ചെയ്യുകയാണ്. (ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ ഇന്നലെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇന്നലെ മുഖ്യമന്ത്രി ഇവിടെ പറഞ്ഞ മറുപടിയിൽ നിന്ന് കൂടുതലായി എന്തെങ്കിലും പറഞ്ഞതായി ഇത്രയും വിശദീകരിച്ചിട്ടും തോന്നിയില്ല. എന്തായാലും എടുത്ത തീരുമാനം നടപ്പിലാക്കി നെല്ല് സംഭരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇന്ന് അടിയന്തിരപ്രമേയത്തിലൂടെ ഈ വിഷയം വീണ്ടും സഭയിൽ കൊണ്ടുവന്നത്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് നൽകിയ ഒരു മറുപടിയിൽ 213 കൃഷിക്കാർ ആത്മഹത്യ ചെയ്തു എന്നാണ് പറഞ്ഞത്. ഞങ്ങൾ പറഞ്ഞ കണക്കല്ല; മുഖ്യമന്ത്രിയുടെ കണക്കാണ്. ഇതിൽ നെൽകൃഷിക്കാർ ധാരാളമുണ്ട്. ഇപ്പോൾ ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇവിടെ മറുപടി പറഞ്ഞപ്പോൾ, മുഖ്യമന്ത്രിയുടെ പാലക്കാട് ചർച്ചയെക്കുറിച്ചു പറഞ്ഞു. എന്തായാലും ജില്ലാ ബാങ്ക് പ്രസിഡന്റും മറ്റ് ചിലരെങ്കിലും അതിൽ പങ്കെടുത്തിരുന്നു. അങ്ങയുടെ പാർട്ടിയിൽപ്പെട്ട ചില എം.എൽ.എ.മാരും വന്നു. ശ്രീമതി കെ. ആർ. ഗൗരിയമ്മ സംസാരിച്ചപ്പോൾ പറഞ്ഞു, തൃശ്ശൂരിൽ ഞാൻ ചർച്ച ചെയ്ത് പരിഹരിച്ചുവെന്ന്. തൃശ്ശൂരിൽ നിങ്ങൾ ആരോടാണ് ചർച്ച ചെയ്തത്? കോൾ മേഖലയിലെ എം.എൽ.എ. ആണ് ഞാൻ. എന്റെ ബഹുമാനപ്പെട്ട സുഹൃത്തുക്കൾ അപ്പുറത്തും ഇരിക്കുന്നുണ്ട്. നിങ്ങൾ ഞങ്ങളോടാരോടെങ്കിലും ചർച്ച ചെയ്തോ? ഞങ്ങൾ അവിടെ സമരം ചെയ്യുകയല്ലേ? അവിടുത്തെ ആയിരക്കണക്കിന് നെൽകൃഷിക്കാർ പ്രക്ഷോഭണത്തിലല്ലേ? എത്ര പ്രാവശ്യം ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ ഇക്കാര്യം ഉന്നയിച്ചു? ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ പ്രതിനിധീകരിക്കുന്ന പ്രദേശങ്ങളല്ലേ? ആരോട് ചർച്ച ചെയ്തു? കോഴിക്കോട് നിന്ന് തിരുവനന്തപുരത്തേയ്ക്ക് പോകുന്ന വഴി ഗസ്റ്റ് ഹൗസിൽ കയറി ഏതാനും ഉദ്യോഗസ്ഥരെ വിളിച്ച് തൃശ്ശൂരിലെ കൃഷിക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ആ ചർച്ചയുടെ അടിസ്ഥാനത്തിൽ അവിടുത്തെ പ്രശ്നം തീർന്നു, നെല്ലൊക്കെ സംഭരിച്ചു എന്നാണ് പറഞ്ഞത്. അവിടെ കൃഷിക്കാർ സമരത്തിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എറണാകുളത്ത് കളക്ടർമാരെ വിളിച്ചുകൂട്ടി നടത്തിയ ചർച്ചയിൽ കളക്ടർമാർ കൊടുത്ത ഉറപ്പിന്റെ അടിസ്ഥാനത്തിൽ 18-ാം തീയതി സമരം തൽക്കാലം നിർത്തി. ആ സമരത്തിൽ ഞങ്ങളും നിങ്ങളും എല്ലാവരുമുണ്ട്. നെല്ല് സംഭരിക്കുന്നില്ല. അതാണ് വിഷയം. ശ്രീമതി കെ. ആർ. ഗൗരിയമ്മ പറയുന്നു, ഞാൻ മന്ത്രിയായപ്പോൾ എല്ലാത്തിന്റേയും വില കൂടിയെന്ന്. ശ്രീമതി കെ. ആർ. ഗൗരിയമ്മ മന്ത്രിയായതിന് ശേഷമുള്ള കണക്ക് കേട്ടോളൂ. ഉൽപ്പാദനം 2400 കിലോഗ്രാം ഉണ്ടായിരുന്നത് 1952 കിലോഗ്രാമായി കുറഞ്ഞു. നെൽപ്പാടത്തിന്റെ വിസ്തൃതി 87,000 ഹെക്ടറാണ് പോയത്. എന്നിട്ട് നെല്ലിന്റെ വില കൂടിയെന്ന് പറഞ്ഞാൽ നെല്ലിന്റെ വില കൂടിയോ? എത്രയാണ് ഉൽപ്പാദനച്ചെലവ്? 22,000 രൂപയാണ് ഇത്തവണ ചെലവ്. നിങ്ങൾ ഏത് അടിസ്ഥാനത്തിലാണ് വില നിശ്ചയിച്ചത്? 850 രൂപ വില കിട്ടിയാൽ മുതലാകുകയില്ല. 820 തൊട്ട് 850 രൂപ വരെ വെള്ളയ്ക്കും ചുവപ്പിനും വില നിശ്ചയിക്കേണ്ട സ്ഥാനത്ത് കുറച്ച് ഉദ്യോഗസ്ഥരെ വിളിച്ചിരുത്തി കർഷകരോട് ആലോചിക്കാതെ 700 രൂപ വില നിശ്ചയിച്ചു. ആര് നിശ്ചയിച്ചു? നിങ്ങൾ നിശ്ചയിച്ച വിലയ്ക്ക് നെല്ല് തരുമോ? എന്നിട്ട് മില്ലുകാരോട് 500 രൂപയ്ക്ക് നെല്ലെടുക്കാൻ പറഞ്ഞു. എത്ര കോടി രൂപയാണ് അതിന്റെ പേരിൽ നഷ്ടപ്പെടുന്നത്? നിങ്ങൾ നിശ്ചയിച്ച വിലയ്ക്ക് നെല്ലെടുക്കില്ല എന്നുപറഞ്ഞ് സഹകരണ സംഘങ്ങൾക്ക് കൊടുക്കേണ്ട നഷ്ടം കൊടുക്കില്ല, പാടശേഖരസമിതിക്ക് കൊടുക്കേണ്ട കാശ് കൊടുത്തില്ല, കൃഷിക്കാരന് കൊടുക്കേണ്ട കാശ് കൊടുത്തിട്ടില്ല. എന്നിട്ട് മില്ലുകാരോട് നെല്ല് എടുക്കാൻ പറഞ്ഞു. 725-ഓളം പാടശേഖരസമിതികൾ ഉള്ളതാണ് അവിടെ. ഏതെങ്കിലും പാടശേഖരസമിതിയുമായിട്ട് ചർച്ച ചെയ്തോ? ശ്രീമതി കെ. ആർ. ഗൗരിയമ്മ മന്ത്രിയായതിനുശേഷം ഈ നാല് കൊല്ലത്തിനിടയ്ക്ക് അവിടുത്തെ കൃഷിക്കാരുമായി നെൽകൃഷിക്കാരുടെ സഹകരണ സംഘങ്ങളെ വിളിച്ച്, അവിടുത്തെ എം.എൽ.എ.മാരെ വിളിച്ച് തൃശ്ശൂരിലെ കോൾ കൃഷി പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാൻ സമയം കിട്ടിയോ? അതിന് തയ്യാറായോ? ശ്രീമതി കെ. ആർ. ഗൗരിയമ്മ തൃശ്ശൂരിലേയ്ക്ക് വരില്ല. അങ്ങനെയൊരു പ്രതികാരമനസ്സോടുകൂടി ഇരിക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എങ്കിലും തൃശ്ശൂരിലേയ്ക്ക് വരണം, ചർച്ച ചെയ്യണം. പാലക്കാട് പോകണം, കുട്ടനാട് പോകണം, ചർച്ച ചെയ്യണം. നെല്ല് രണ്ടാഴ്ചയ്ക്കുള്ളിൽ എടുക്കണം. മഴ പെയ്താൽ നെല്ല് മുഴുവൻ നശിച്ചുപോകും; ഏത് വിധത്തിലായാലും കേന്ദ്രത്തിൽ നിന്ന് കിട്ടിയ കാശ് കുറച്ച് മാറ്റിവച്ച് നെല്ല് സംഭരിക്കാൻ നടപടിയെടുക്കണം. അതല്ലാതെ ഈ നടപടിയുമായി മുന്നോട്ട്പോയാൽ പ്രത്യേകിച്ച് കൃഷിക്കാരെ ഇതൊക്കെ ചൂഷണത്തലപ്പെടുത്തിയാൽ സംഭരണം മുഴുവൻ തകർന്നുപോകും. ഈ സമീപനത്തോടുള്ള പ്രതിഷേധം അറിയിച്ചുകൊണ്ട് ഈ വാക്കൗട്ടിൽ ഞാനും എന്റെ കക്ഷിയും പങ്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ തന്നെ എത്രയോ ദിവസങ്ങൾക്ക് മുൻപ് പാലക്കാട് നെല്ല് സംഭരിക്കുന്നത് സംബന്ധിച്ച് വളരെ വ്യക്തമായി വിശദീകരിച്ച് സംസാരിച്ചതാണ്. പക്ഷേ ഇപ്പോഴും മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും പാലക്കാട് നെല്ല് സംഭരണം ആരംഭിച്ചുവെന്നുള്ള രൂപത്തിൽ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്, നെല്ല് സംഭരിക്കാനുള്ള പണം കൊടുക്കാൻ വേണ്ടിയുള്ള കാര്യത്തെ സംബന്ധിച്ച് ഞങ്ങൾ തീരുമാനിച്ചുവെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചു. അവിടുത്തെ സൊസൈറ്റികൾക്കും പാടശേഖര കമ്മിറ്റികൾക്കും കഴിഞ്ഞ വർഷം എടുത്തതിൽ അവർക്കുള്ള നഷ്ടത്തിന്റെ പകുതി ഗവൺമെന്റ് എടുക്കാൻ തീരുമാനിച്ചു. മറ്റേ പകുതി ആര് എടുക്കും? നഷ്ടംവന്ന സൊസൈറ്റികൾ നെല്ല് സംഭരിക്കുമോ? അപ്പോൾ യാഥാർത്ഥ്യബോധത്തോടുകൂടി നമ്മുടെ നാട്ടിലെ നെൽകൃഷിയെ സംരക്ഷിക്കാനാവശ്യമായ നടപടി ഇന്ന് ഈ സംസ്ഥാനത്ത് സ്വീകരിക്കേണ്ടത് കൃഷി വകുപ്പും ഗവൺമെന്റുമാണ്. ആ രൂപത്തിലുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ടോ? നമ്മളേക്കാളും നെല്ല് ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങൾ ആ നാട്ടിലെ നെൽകൃഷിക്കാരെ ബുദ്ധിമുട്ടിക്കാതെ നെല്ല് സംഭരിക്കാനാവശ്യമായ കുറേ നടപടികൾ സ്വീകരിക്കുന്നില്ലേ? ആ നടപടികൾ എന്തുകൊണ്ട് നമ്മുടെ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നില്ല? അതിനുള്ള ഒരു നടപടിയും സ്വീകരിക്കാതെ ഇവിടെ പ്രതിപക്ഷനേതാവ് പറയുമ്പോഴും അതുസംബന്ധിച്ച് അടിയന്തിരപ്രമേയം കൊണ്ടുവരുമ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയും, ഉടനെ നടപടി സ്വീകരിക്കുമെന്ന്. കഴിഞ്ഞ പ്രാവശ്യം ഇതുസംബന്ധിച്ച് ചർച്ച ചെയ്ത അവസരത്തിൽ ഉടനെ നെല്ല് സംഭരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കി. ഇന്ന് വിശദീകരണം നൽകിയ അവസരത്തിൽ പോലും നെല്ല് സംഭരണം ആരംഭിച്ചുവെന്നുള്ള രൂപത്തിൽ പാലക്കാടിനെ സംബന്ധിച്ച് ഫലപ്രദമായ രൂപത്തിൽ സംസാരിക്കാൻ താങ്കൾക്കുപോലും സാധിച്ചിട്ടില്ല. നെല്ല് സംഭരണം ആരംഭിച്ചെന്ന്. ഒരു രണ്ടാഴ്ച മുമ്പ് താങ്കൾ ഇവിടെ പറഞ്ഞതാണ്. അത് പരിശോധിക്കണം. മുഖ്യമന്ത്രി ഒരു നടപടിയെക്കുറിച്ച് സംസാരിക്കുമ്പോൾ അതിനനുസരിച്ചുള്ള നടപടികൾ പ്രായോഗിക തലത്തിൽ ഉണ്ടാകേണ്ടതാണ്. സൊസൈറ്റികൾക്ക് നഷ്ടം സഹിച്ചുകൊണ്ട് ഇത് ഏറ്റെടുക്കാൻ സാധിക്കുമോ, സൊസൈറ്റികൾ നഷ്ടം സഹിക്കേണ്ടിവന്നാൽ സൊസൈറ്റികൾക്ക് ഈ പണം എവിടെനിന്നു ലഭിക്കും. ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. അതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. ഇതിൽ പ്രധാനമായ പ്രശ്നം സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽകൃഷിയുടെ സംരക്ഷണമാണ്. പല മേഖലകളിലും നെൽകൃഷിക്കാരൻ, പ്രത്യേകിച്ച് നെൽകൃഷി ഒഴിവാക്കിക്കൊണ്ട് കേരളത്തിൽ മറ്റ് കൃഷിയിലേയ്ക്ക് മാറാം, നെൽകൃഷി സംരക്ഷിക്കണമെങ്കിൽ കുറെക്കൂടി ഗൗരവമായി ഗവൺമെന്റ് ഇതിനെസംബന്ധിച്ച് വിലയിരുത്തേണ്ടതാണ്. ആ ഒരു നിലപാട് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും ഇറങ്ങിപ്പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി)

ശ്രീ. എ. എ. അസീസ് : സർ, നെൽക്കൃഷിക്കാരെ ബാധിച്ചിരിക്കുന്ന ഈ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും നൽകിയ മറുപടിയിൽ ഒരു പ്രശ്നത്തെ സംബന്ധിച്ച് അവരാരും പ്രതിപാദിച്ചതേയില്ല. ഡോക്ടർ കെ. സി. ജോസഫ് അപ്പർ കുട്ടനാട് പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതു പ്രതിരോധിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു പല പ്രാവശ്യം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അത് കേട്ട ഭാവംപോലും മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായില്ല. കൃഷിക്കാരോടുള്ള ഇത്തരം സമീപനം വളരെ ഖേദകരമാണ്. ഏതായാലും ഗവൺമെന്റിന്റെ ഈ സമീപനത്തിൽ ഞാനും എന്റെ കക്ഷിയും പ്രതിഷേധം രേഖപ്പെടുത്തി വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി)

(പുറത്തുപോയ പ്രതിപക്ഷ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി)

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : ഉപ്പുവെള്ളം കയറയതിനെപ്പറ്റി ഈ നിയമസഭയിൽ ഞാൻ ഇതിനുമുമ്പ് സംസാരിച്ചതാണ്. നഷ്ടം സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരവും വിത്തും കൂമ്മായവും കൊടുത്തു. ഉപ്പുവെള്ളം കയറിക്കൊണ്ടിരുന്ന തോട്ടപ്പള്ളി സ്പിൽവേയുടെ കേടുപാട് തീർത്ത് ഷട്ടറൊക്കെയിട്ടുകഴിഞ്ഞു. കായംകുളം കായലുമായി ബന്ധപ്പെടുന്ന ഒരു തോടുണ്ട്. അതിന്റെ പ്രശ്നം എൻ.ടി.പി.സി.-യുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. കേന്ദ്രമന്ത്രി ശ്രീ. പവാറിന് എഴുതി. അദ്ദേഹം ചില വിവരങ്ങൾ ഇവിടെ അറിയിച്ചുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. കാർഷിക കടംകൊണ്ട് ഇവിടെ ആരും മരിച്ചിട്ടില്ല എന്നു ഞാൻ കേന്ദ്ര മന്ത്രിക്ക് എഴുതിയിട്ടില്ല. അതിന്റെ മറുപടി ഞാൻ നിയമസഭയുടെ മേശപ്പുറത്ത് വച്ചതാണ്. വിവരം ശേഖരിച്ച് വരുന്നുയെന്നാണ് എഴുതിയിരുന്നത്. വിവരം ശേഖരിച്ചു വരുന്നു എന്നു പറയുന്നതും മരിച്ചിട്ടില്ല എന്നു പറയുന്നതും ഒരുപോലെയാണ് പ്രതിപക്ഷ നേതാവ് കണക്കാക്കുന്നതെങ്കിൽ എനിക്ക് അതിനെപ്പറ്റി ഒന്നും പറയാൻ ഇല്ല. അതുപോലെതന്നെ അദ്ദേഹം പറഞ്ഞു, 106 കോടി രൂപ നെല്ലിന് കൊടുത്തത് ആണെന്ന് അദ്ദേഹത്തിന് മറുപടി കിട്ടിയെന്ന്. സംസ്ഥാനത്തിന് കിട്ടിയ തുക ഏത് വിധത്തിൽ ചെലവാക്കണമെന്നുള്ളത് വിശദീകരിക്കാൻ കേന്ദ്ര ഗവൺമെന്റിന് എഴുതിയിട്ടുണ്ട്. വെള്ളപ്പൊക്ക-വരൾച്ചാദുരിതാശ്വാസ നിധിയിലേക്കാണ് പണം അനുവദിച്ചത്. അത് റവന്യൂവിലാണ് വരുന്നത്. അല്ലാതെ കൃഷിവകുപ്പിൽ അല്ല. 30 കോടി രൂപ തെങ്ങിനെന്നു പറഞ്ഞാണ് അനുവദിച്ചിട്ടുള്ളത്. അദ്ദേഹത്തിന് എഴുതിക്കിട്ടിയതെന്ന് പറഞ്ഞാതാവണം. ഏതാണെന്നറിഞ്ഞുകൂടാ. പ്രോജക്ട് കൊടുത്തിട്ട് കുരുമുളകും കശുവണ്ടിയും റീപ്ലാന്റ് ചെയ്യാനാണ് 30 കോടി രൂപ അനുവദിച്ചിരിക്കുന്നത്. റീപ്ലാന്റിംഗിനുള്ളത് നഷ്ടപരിഹാരത്തിനല്ല. ഈ കൊല്ലം റീപ്ലാന്റിംഗിനുവേണ്ടി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഞാൻ പറയുന്നത് ഇത്ര വലിയ പ്രക്ഷോഭം ഉണ്ടാക്കണമോ? നെല്ല് സംഭരണം കുറച്ച് താമസിച്ചുപോയി. കൃഷിക്കാരന് കുറച്ച് ബുദ്ധിമുട്ടുണ്ടായി. അതിനായി പണം ഇല്ലാതെ വന്നതിന്റെ ഫലമായിട്ട് ഉണ്ടായതാണ്. കൃഷി

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് നെല്ല് ഭരണം കൈകാര്യം ചെയ്യാൻ തുടങ്ങിയ കാലത്ത് നെല്ല് വില 423 രൂപയായിരുന്നു. ഇപ്പോൾ അത് വലിയ കോലാഹലവും എടുപ്പിക്കാൻ നിർവാഹമാം വരുന്നു. എന്തൊക്കെ പറഞ്ഞാലും 700 രൂപയിൽ കുറഞ്ഞിട്ടില്ല. ഈ വില കൊണ്ട് കൃഷിക്കാർക്ക് നഷ്ടം വരുന്നതല്ല. പണം അനുവദിച്ചുകിട്ടാൻ കാലതാമസം വന്നതിന്റെ പേരിൽ ഉണ്ടായതാണ്. അത് തീർക്കുന്നതിന് ഞാൻ തൃശ്ശൂരിലും ആലപ്പുഴയിലും പോയി ഈ പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രി പാലക്കാട്ട് കോൺഫ്രൻസ് വിളിച്ചുകൂട്ടി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പണം അനുവദിക്കുകയും ചെയ്തു. ഞാൻ തൃശ്ശൂർ പോയപ്പോൾ ശ്രീ. കെ. പി. രാജേന്ദ്രനെ അവിടെ കണ്ടില്ല എന്ന് പരാതി വന്നു. പക്ഷേ വേറെ ചില എം.എൽ.എ.മാർ എന്നെ കാണാൻ വന്നിരുന്നു. അവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ അവരുമൊക്കെയായി ചർച്ച ചെയ്തതിന്റെ ഫലമായി അവിടുത്തെ നെല്ലടുക്കാൻ മടിച്ചിരുന്നവർ; വിലയിൽ ചെറിയ മാറ്റം വരുത്തി പ്രശ്നം സെറ്റിൽ ചെയ്തു. അതു കഴിഞ്ഞതിനുശേഷമാണ് കുടിശിക വേണമെന്നു പറഞ്ഞത്. ഏതായാലും നെല്ല് ഇപ്പോൾ അവിടെ എടുക്കുന്നുണ്ട്.

III ശ്രദ്ധ ക്ഷണിക്കൽ

(1) കാസർഗോഡ് ജില്ലയിൽ വികസന പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, 1956-ൽ ഐക്യകേരളം നിലവിൽ വന്നതിനുശേഷം മാറിമാറി പല ഗവൺമെന്റുകളും സംസ്ഥാനം ഭരിച്ചെങ്കിലും കാസർഗോഡ് മേഖലയെ അവഗണിക്കുകയായിരുന്നു. കാസർഗോഡിനെ സംബന്ധിച്ചിടത്തോളം ദേശീയ തലത്തിൽതന്നെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി ഒരുപാട് സംഭാവനകൾ ചെയ്ത ഒരു മേഖലയാണ്. നിരവധി സ്വാതന്ത്ര്യ സമരസേനാനികളെയും ഈ മേഖലയിൽ നിന്നും സംഭാവന ചെയ്തിട്ടുണ്ട്. ഗൾഫ് നാടുകളിൽ കഠിനാദ്ധ്വാനം ചെയ്തും കുതുമുളകും കശുവണ്ടിയും ഉല്പാദിപ്പിച്ച് വിദേശ നാണ്യം നേടിത്തരുന്നതിലും കാസർഗോഡ് ജില്ല വളരെ മുന്നിലാണ്. 1984-ൽ ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ മാറ്റി എടുക്കുന്നതിന് അന്നത്തെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് പുതിയ ജില്ല അനുവദിച്ചു. അതിനെ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ മേഖലയിലുള്ളവർ നോക്കിക്കണ്ടത്. പിന്നീട് ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതായിരുന്നുവെങ്കിലും വളരെ മന്ദഗതിയിലാണ് വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം പണിഷ്മെന്റ് ട്രാൻഫർ കാരണം പലരെയും അങ്ങോട്ടേയ്ക്ക് സ്ഥലംമാറ്റം ചെയ്യപ്പെടുകയും അതുപോലതന്നെ അത്തരം ഉദ്യോഗസ്ഥർ ആ ജില്ലയുടെ വികസന കാര്യത്തിൽ തീരെ താൽപര്യം എടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയാണുള്ളത്. ഈ ജില്ലയിലെ ഏറ്റവും പിന്നോക്കാവസ്ഥയ്ക്ക് പ്രധാനകാരണം ജീവനക്കാരുടെ ഒഴിവുകളാണ്. ഇന്നും നിരവധി പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അവരെ പോസ്റ്റ് ചെയ്തുകഴിഞ്ഞാൽ പലരും ലീവ് എടുത്ത് സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചു പോയിക്കൊണ്ടിരിക്കുകയാണ്. ഇവിടെ 9 നദികളുണ്ടെങ്കിലും ജലദൗർലഭ്യംകാരണം കുടിവെള്ള ക്ഷാമവും കാർഷികാവശ്യത്തിന്

LIBRARY ARCHIVES Kerala Legislative Assembly